CMFRI Special Publication No. 124

ISSN No. 0972-2351

ഭക്ഷ്യസുരക്ഷയുടെയും
ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ

# സുസ്ഥിരമായ ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ



Published in arrangement with the
Food and Agriculture Organization of the United Nations (FAO)
by
Indian Council of Agricultural Research
**Central Marine Fisheries Research Institute (CMFRI)**



CMFRI Special Publication No. 124 ISSN No. 0972-2351

ഭക്ഷ്യസുരക്ഷയുടെയും
ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ

# സുസ്ഥിരമായ ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

Published in arrangement with the
**Food and Agriculture Organization of The United Nations (FAO)**
by
Indian Council of Agricultural Research
**Central Marine Fisheries Research Institute (CMFRI)**

Post Box No. 1603, Ernakulam North P.O.
Kochi - 682 018, Kerala, India
Telephone: 0484-2394867
Fax: 91-484-2394909
E-mail: director@cmfri.org.in
Website: www.cmfri.org.in

CMFRI Special Publication No. 124
ISSN No. 0972-2351

**Published by**

A Gopalakrishnan
Director
Post Box No. 1603, Ernakulam North P.O.
Kochi - 682 018, Kerala, India
Telephone: 0484-2394867
Fax: 91-484-2394909
E-mail: director@cmfri.org.in
Website: www.cmfri.org.in
Central Marine Fisheries Research Institute
(CMFRI), ICAR, Kochi

**Translated by**

C Ramachandran
Principal Scientist (Ag.Extn)
& PI (FISHCMFRI 201202200022)
Socio Economic Evaluvation and
Technology Transfer Division (SEETTD) CMFRI

**Editorial Facilitation**

R Narayanakumar (Head SEETTD)
J Jayasankar (Principal Scientist, FRAD)
V P Vipinkumar (Principal Scientist, SEETTD)
& Suresh V K (Sr. Technical Asst)

**Technical Support**

Harshan N K, Arun Surendran

**Production & Coordination**

Library & Documentation Centre
Back cover design - David K M & Abhilash P R

‘ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യ നിർമാർജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിട മത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ’ എന്ന പേരിൽ ലോക ഭക്ഷ്യ കാർഷികസംഘടന പുറത്തിറക്കിയതാണ്, ഈ പുസ്തകത്തിന്റെ മൂലം.

ഈ പ്രസിദ്ധീകരണത്തിൽ പരാമർശിക്കപ്പെടുന്ന ഔദ്യോഗിക പദവികളും ഉള്ളടക്കത്തിന്റെ അവതരണവും ഏതെങ്കിലും രാജ്യത്തിന്റെ നിയമപരമായ അവസ്ഥയെപ്പറ്റിയോ അധികാരങ്ങളെപ്പറ്റിയോ ഐക്യ രാഷ്ട്രസഭയുടെ കീഴിലുള്ള ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ ഭാഗത്തുനിന്നുള്ള ഒരു അഭിപ്രായമല്ല.

പരിഭാഷയുടെ ഉത്തരവാദിത്വം ലോക ഭക്ഷ്യ കാർഷികസംഘടനക്കില്ല.

© ICAR- Central Marine Fisheries Research Institute

Printed at St. Francis Press, Kochi- 682018

ലോകത്താകമാനമുള്ള മത്സ്യത്തൊഴിലാളികളുടെ
ഉന്നമനത്തിനായി അക്ഷീണം പ്രയത്നിക്കുകയും
ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണത്തിൽ
അമൂല്യമായ സംഭാവനകൾ നൽകുകയും ചെയ്ത
ചന്ദ്രികാശർമ്മയുടെ
ബഹുമാനാർത്ഥം ആദരാഞ്ജലികളോടെ

# മുഖവുര

"ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യ നിർമാർജനത്തിന്റെയും പശ്ചാത്തലത്തിൽ സുസ്ഥിരമായ ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ" (ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ) എന്നത് അതിയായ പ്രാധാന്യമുള്ളതും, എന്നാൽ മിക്കപ്പോഴും വേണ്ടത്ര പരിഗണന നൽകപ്പെടാത്തതുമായ ചെറുകിട മത്സ്യമേഖലക്ക് പൂർണ്ണമായി സമർപ്പിക്കപ്പെട്ടതും അന്താരാഷ്ട്രതലത്തിൽ ചർച്ച ചെയ്ത് അംഗീകരിക്കപ്പെട്ടതുമായ ആദ്യത്തെ ആഗോളനയ ഉപകരണമാകുന്നു.

ചെറുകിട മത്സ്യമേഖല എന്നത് പ്രാദേശിക സമുദായങ്ങളിലും, പാരമ്പര്യങ്ങളിലും, മൂല്യങ്ങളിലും രൂഢമൂലമായ ഒന്നായി കാണപ്പെടുന്നു. മിക്ക ചെറുകിട മീൻപിടുത്തക്കാരും സ്വന്തമായി തൊഴിൽ എടുക്കുന്നവരും, കുടുംബത്തിനും, സമുദായത്തിനും ഭക്ഷ്യാവശ്യത്തിനായ മത്സ്യം നേരിട്ട് പ്രദാനം ചെയ്യുന്നവരുമാകുന്നു. ഈ മേഖലയിൽ, പ്രത്യേകിച്ചും മത്സ്യസംസ്കരണ ജോലികളിൽ, സ്ത്രീകൾ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. മത്സ്യബന്ധന മേഖലയെ നേരിട്ട് ആശ്രയിക്കുന്ന ലോകത്തെ 90% ജനങ്ങളും ചെറുകിട മത്സ്യമേഖലയിലാണ് ഉള്ളത് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷ, തൊഴിൽ, ജലാശയങ്ങളെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളുടെ ഉപജീവനത്തെ അടിവരയിട്ടുകൊണ്ട് പ്രാദേശിക സാമ്പത്തിക വ്യവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്ന മറ്റ് ഗുണിത ഫലങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന ഒരു സാമ്പത്തിക സാമൂഹ്യ ചാലക ശക്തിയായി വർത്തിക്കുന്ന ഒന്നാണ് ചെറുകിട മത്സ്യ മേഖല എന്ന് കാണാം.

ചെറുകിട മത്സ്യമേഖലയിലെ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് സമവായതത്വങ്ങളും, ഉപദേശങ്ങളും പ്രദാനം ചെയ്യുന്ന ഒരു അന്താരാഷ്ട്ര നയ ഉപകരണത്തിന്റെ വളരെ നാളുകളായി നിലനിന്ന അഭാവമാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നികത്തുന്നത്. മത്സ്യമേഖലയിൽ ലോകത്ത് ഏറ്റവും കൂടുതൽ അംഗീകരിക്കപ്പെട്ടതും നടപ്പാക്കപ്പെടുന്നതുമായ ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്, സമുദ്രനിയമവുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭാ ഉടമ്പടിയിൽ മത്സ്യബന്ധനത്തിന് നൽകിയിരിക്കുന്ന നിബന്ധനകൾക്കൊപ്പം, പൂരകമായാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ നിലകൊള്ളുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷയുടെ സാഹചര്യത്തിൽ, "ഭൂമി, മത്സ്യബന്ധനം, വനം എന്നിവയിലെ ടെന്യുർ അവകാശങ്ങളുടെ ഉത്തരവാദപരമായ ഭരണനിർവ്വഹണത്തിനായുള്ള സ്വമേധയാ മാർഗ്ഗ നിർദ്ദേശങ്ങൾ", "ദേശീയ ഭക്ഷ്യസുരക്ഷയുടെ സാഹചര്യത്തിൽ മതിയായ ആഹാരത്തിനായുള്ള അവകാശം പുരോഗമനാത്മകമായി സാക്ഷാത്കരിക്കുവാനുള്ള സ്വമേധയാ മാർഗ്ഗനിർദ്ദേശങ്ങൾ", "കൃഷിയിലും, ഭക്ഷ്യവ്യവസ്ഥകളിലും ഉത്തരവാദപരമായ മൂലധന നിക്ഷേപത്തിന്റെ തത്വങ്ങൾ" എന്നീ അന്താരാഷ്ട്ര നയ ഉപകരണങ്ങളുമായി ഈ "ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ" അടുത്ത ബന്ധം പുലർത്തുന്നു. ഈ ഉപകരണങ്ങളിലേതുപോലെ, മനുഷ്യാവകാശങ്ങളുടെ സാക്ഷാത്കാരത്തിനും, ദുർബലപാർശ്വവൽകൃത വിഭാഗങ്ങൾ പരിഗണിക്കപ്പെടേണ്ടതിന്റെ ആവശ്യകതയ്ക്കും ഈ ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉയർന്ന മുൻഗണനയാണ് നൽകുന്നത്.

ഈ ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞത് ലോകഭക്ഷ്യകാർഷിക സംഘടനയിലെ (F.A.O.) മത്സ്യമേഖലാസമിതി (COFI) യുടെ 29ഉം, 30ഉം, സമ്മേളനങ്ങൾ മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ലോകമൊട്ടാകെ ആയി നടത്തിയ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെയാണ്. 2010–നും 2013–നും ഇടയിൽ ആറ് ലോക മേഖലകളിൽനിന്നുള്ള 120–ൽ പരം രാഷ്ട്രങ്ങളിലെ വിവിധ ഉദ്യോഗസ്ഥർ, ചെറുകിടമീൻപിടുത്തക്കാർ, മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകളും, ഗവേഷകർ, വികസന പങ്കാളികൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരടങ്ങിയ 4000–ൽപരം പ്രതിനിധികൾ ഭാഗഭാക്കായ 20 അന്താരാഷ്ട്ര പൗരസമൂഹ സംഘടനകൾ നേതൃത്വം നൽകി നടത്തപ്പെട്ട അന്താരാഷ്ട്ര ചർച്ചാസമ്മേളനങ്ങളിലൂടെയുള്ള ഒരു ആഗോള പ്രക്രിയ ലോക ഭക്ഷ്യ കാർഷിക സംഘടന (F.A.O.) നടത്തിയ സാങ്കേതിക ചർച്ചാ സമ്മേളനങ്ങളുടെ അടിസ്ഥാനമാവുകയും, ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ അവസാന രൂപത്തിലേക്ക് പരിണമിക്കുകയും ചെയ്തു. 2014 ജൂണിൽ ചേർന്ന COFIയുടെ 31 –ാം സമ്മേളനം ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് ഔദ്യോഗികാംഗീകാരം നൽകിയ സംഭവം സുഭദ്രവും സുസ്ഥിരവുമായ ഒരു ചെറുകിട മത്സ്യ മേഖല എന്ന സാക്ഷാത്കാരത്തിലേക്കുള്ള സുപ്രധാന നേട്ടമാണ്.

ചെറുകിട മത്സ്യ മേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ ലോക ഭക്ഷ്യ കാർഷിക സംഘടന (F.A.O.) യെ സംബന്ധിച്ചിടത്തോളം അതിന്റെ പുതിയ നയതന്ത്ര രേഖയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, 'ദാരിദ്ര്യ നിർമ്മാർജ്ജനവും, സുസ്ഥിരവികസന സാക്ഷാത്കാരവും' എന്ന തങ്ങളുടെ സംഘടനാ ലക്ഷ്യം നേടാൻ സഹായിക്കുന്ന മൗലികമായ ഒരു ഉപകരണമാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ, എല്ലാതലങ്ങളിലുമുള്ള സംവാദങ്ങൾ, നയരൂപീകരണ പ്രക്രിയകൾ, കർമ്മപദ്ധതികൾ എന്നിവക്ക് വഴികാട്ടിയാവുന്നതും, ഭക്ഷ്യസുരക്ഷയും, ദാരിദ്ര്യ നിർമ്മാർജ്ജനവും കൈവരിക്കുന്നതിന് ചെറുകിട മത്സ്യമേഖലയുടെ പൂർണ്ണമായ സംഭാവനകൾ പ്രദാനം ചെയ്യുവാൻ സഹായിക്കുകയും ചെയ്യുന്ന ഒന്നാണ്.

ഈ ചെറുകിട മത്സ്യ മേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സാഹയങ്ങൾ നൽകുന്നതിൽ ലോകഭക്ഷ്യകാർഷിക സംഘടന (F.A.O.) എന്നും സമർപ്പിതമാണ്. ഭക്ഷ്യസുരക്ഷയുടെയും, ദാരിദ്ര്യനിർമ്മാർജനത്തിന്റെയും സാഹചര്യത്തിലെ സുസ്ഥിര ചെറുകിട മത്സ്യമേഖല എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ സർക്കാരുകൾ, ചെറുകിടമീൻപിടുത്തക്കാർ, മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകളും, പൗരസമൂഹസംഘടനകൾ, ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യമേഖല, ധനദാതാക്കൾ എന്നിങ്ങനെയുള്ള സമസ്ത തല്പര കക്ഷികളും പങ്കാളികളാകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**ജോസെ ഗ്രാസിയാനോ ദ സിൽവ**
**ഡയറക്ടർ ജനറൽ, FAO**

## ഉള്ളടക്കം


ആമുഖം 1

ഭാഗം – 1

**ഉപക്രമം** 5

1. ലക്ഷ്യങ്ങൾ 5
2. സ്വഭാവവും സാധ്യതയും 5
3. നിർദ്ദേശക തത്ത്വങ്ങൾ 6
4. മറ്റ് അന്താരാഷ്ട്ര ഉപകരണങ്ങളുമായുള്ള ബന്ധം 8

ഭാഗം – 2

**ഉത്തരവാദിത്വ മത്സ്യബന്ധനവും സുസ്ഥിരവികസനവും** 10

5. ചെറുകിട മത്സ്യബന്ധന മേഖലയിലും വിഭവപരിപാലനത്തിലും ഉള്ള ടെന്യുർ അവകാശത്തിലെ ഭരണ നിർവ്വഹണം 10
   - 5a. ടെന്യുർ അവകാശത്തിന്റെ ഉത്തരവാദിത്വ ഭരണ നിർവ്വഹണം 10
   - 5b. സുസ്ഥിര വിഭവ പരിപാലനം 12
6. സാമൂഹ്യ വികസനം–തൊഴിൽ–മാന്യമായ ജോലി 13
7. മൂല്യശ്രേണികൾ, മത്സ്യസംസ്കരണം, വാണിജ്യം 17
8. ലിംഗപദവിയിലെ സമത്വം 19
9. ദുരന്ത സാധ്യതകളും കാലാവസ്ഥാ വ്യതിയാനവും 19

ഭാഗം – 3

**അനുഗുണമായ ഒരു അന്തരീക്ഷം ഉറപ്പാക്കലും നടപ്പിൽ വരുത്തൽ സഹായിക്കലും** 22

10. നയങ്ങളിലെ യോജിപ്പ്, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണ സംയോജനങ്ങൾ 22
11. വിവരങ്ങൾ, ഗവേഷണം, ആശയവിനിമയം 23
12. ശേഷീവികസനം 25
13. നടപ്പിലാക്കുന്നതിനുള്ള സഹായവും മേൽനോട്ടവും 26

# ചുരുക്കെഴുത്തുകൾ

## CCA
Climate change adaptation

കാലാവസ്ഥാ വ്യതിയാന പൊരുത്തപ്പെടൽ

## CEDAW
Convention on the Elimination of All Forms of Discrimination against Women

സ്ത്രീകൾക്കെതിരെയുള്ള എല്ലാത്തരം വിവേചനങ്ങളും ഉന്മൂലനം ചെയ്യുവാനുള്ള ഉടമ്പടി

## CSO
Civil society organization

പൗരസമൂഹ സംഘടന

## DRM
Disaster risk management

ദുരന്തസാധ്യതാ മേൽനോട്ടം

## EAF
Ecosystem approach to fisheries

ആവാസവ്യവസ്ഥാഷ്ഠിത മത്സ്യബന്ധന മേഖലാ പരിപാലനം

## HIV/AIDS
Human immunodeficiency virus / acquired immunodeficiency syndrome

എയ്ഡ്സ്

## ICESCR
International Covenant on Economic, Social and Cultural Rights

സാമ്പത്തിക സാമൂഹ്യ സാംസ്കാരിക അവകാശങ്ങളെ പറ്റിയുള്ള അന്താരാഷ്ട്ര കരാർ

## IGO
Intergovernmental organization

അന്തർ ഭരണകൂട സംഘടന

## ILO
International Labour Organization

അന്താരാഷ്ട്ര തൊഴിൽ സംഘടന

## IMO
International Maritime Organization

അന്താരാഷ്ട്ര സാമുദ്രിക സംഘടന

## IUU
Illegal, unreported and unregulated (fishing)

നിയമ വിരുദ്ധവും ഔദ്യോഗികമായി കണക്ക് രേഖപ്പെടുത്താതും അനിയന്ത്രിതവുമായ മത്സ്യബന്ധനം

## MCS
Monitoring, control and surveillance

മേൽനോട്ട നിയന്ത്രണ നിരീക്ഷണ സംവിധാനം

## NGO
Non-governmental organization

സർക്കാരേതര സംഘടന

## RIO+20
United Nations Conference on Sustainable Development (Rio+20)

സുസ്ഥിര വികസനത്തെ സംബന്ധിച്ച ഐക്യരാഷ്ട്രസഭാ സമ്മേളനം

## THE CODE
Code of Conduct for Responsible Fisheries (FAO)

ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റച്ചട്ടം

## UN
United Nations

ഐക്യരാഷ്ട്ര സഭ

## UN DRIP
United Nations Declaration on the Rights of Indigenous Peoples

തദ്ദേശവാസികളുടെ അവകാശങ്ങളെപ്പറ്റിയുള്ള ഐക്യരാഷ്ട്രസഭാ പ്രഖ്യാപനം

## UNFCCC
United Nations Framework Convention on Climate Change

കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച ചട്ടക്കൂടിന്റെ ഐക്യരാഷ്ട്രസഭാ ഉടമ്പടി

## WTO
World Trade Organization

ലോകവാണിജ്യ സംഘടന

## ആമുഖം

ഈ മാർഗ്ഗനിർദ്ദേശങ്ങൾ 1995ൽ ലോക ഭക്ഷ്യ കാർഷിക സംഘടന (FAO)പുറത്തിറക്കിയ ഉത്തരവാദിത്വ മത്സ്യബന്ധനപെരുമാറ്റച്ചട്ടത്തിന് (ചട്ടം) അനുപൂരകമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാകുന്നു. ചട്ടത്തിന്റെ പൊതു തത്വങ്ങളുടെയും വിഷയങ്ങളുടേയും അടിസ്ഥാനത്തിൽ ചെറുകിട മത്സ്യ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതിലുള്ളത്. ആഗോള ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ചെറുകിടമത്സ്യമേഖല വഹിക്കുന്ന പങ്കിന് കൂടുതൽ പ്രസക്തിയും അംഗീകാരവും പ്രദാനം ചെയ്യുക എന്നതാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ലക്ഷ്യം. ദുർബ്ബല–പാർശ്വ വൽകൃത ജനതകൾ ഉൾപ്പെടെ ചെറുകിട മത്സ്യമേഖലയിൽ പണിയെടുക്കുന്ന മീൻപിടുത്തക്കാർ, മത്സ്യത്തൊഴിലാളികൾ, അനുബന്ധമേഖലകളിൽ പണിയെടുക്കുന്നവർ എന്നിവർക്ക് പ്രാധ്യാന്യം നൽകികൊണ്ട്, ഒരു മനുഷ്യാവകാശ സമീപനത്തിലൂടെ ഇന്നത്തെയും നാളെത്തെയും തലമുറകളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനും ഉത്തരവാദിത്വ മത്സ്യബന്ധനത്തിനും പിൻബലമേകുന്നവയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ സ്വമേധയാ നടപ്പിലാക്കേണ്ടതും ആഗോളമാനങ്ങൾ ഉള്ളതും, വികസ്വര രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതും ആണെന്ന് അടിവരയിട്ട് പ്രസ്താവിക്കുന്നു.

ചെറുകിട മത്സ്യമേഖല, മത്സ്യമൂല്യശ്യംഖലയിലെ പുരുഷന്മാരും, സ്ത്രീകളും ചെയ്യുന്ന എല്ലാ ജോലികളും– മത്സ്യക്കൊയ്ത്തിന് മുൻപുള്ളവ, മത്സ്യക്കൊയ്ത്ത്, മത്സ്യക്കൊയ്ത്തിനുശേഷമുള്ളവ– ഉൾക്കൊള്ളുന്ന ഒന്ന് എന്ന നിലയിൽ, ഭക്ഷ്യസുരക്ഷ, ഭക്ഷ്യപോഷണം, ദാരിദ്ര്യനിർമ്മാർജ്ജനം, സമതുലിത വികസനം, പ്രകൃതിവിഭവങ്ങളുടെ[1] സുസ്ഥിര ഉപഭോഗം എന്നീ രംഗങ്ങളിൽ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ചെറുകിട മത്സ്യമേഖല പ്രാദേശിക, ദേശീയ, അന്തർദേശീയ വിപണികൾ വഴി പോഷക സമ്പുഷ്ടമായ ഭക്ഷണം പ്രദാനം ചെയ്യുകയും വരുമാനം സൃഷ്ടിച്ചുകൊണ്ട് പ്രാദേശികവും, ദേശീയവുമായ സാമ്പത്തിക വികസനം സാധ്യമാക്കുകയും ചെയ്യുന്നു.

ലോകത്തൊട്ടാകെ പിടിച്ചെടുക്കപ്പെടുന്ന മത്സ്യവിഭവങ്ങളുടെ ഏതാണ്ട് പകുതിഭാഗവും സംഭാവന ചെയ്യുന്നത് ചെറുകിടമത്സ്യമേഖലയാണ്. മനുഷ്യർ നേരിട്ട് ഭക്ഷണമാക്കുന്ന മത്സ്യത്തിന്റെ കാര്യമെടുത്താൽ മൂന്നിൽ രണ്ട് ഭാഗവും വരുന്നത് ചെറുകിട മത്സ്യമേഖലയിൽ നിന്നാണ് എന്നകാര്യം പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് പിടിച്ചെടുക്കപ്പെടുന്ന മത്സ്യത്തിന്റെ ഭൂരിഭാഗവും നേരിട്ട് ഭക്ഷണമാക്കപ്പെടുന്നതാണ്. ചെറുകിട മത്സ്യമേഖലയ്ക്ക് പ്രാമാണ്യമുള്ളതാണ് ഉൾനാടൻ മത്സ്യമേഖല. ലോക മത്സ്യബന്ധന രംഗത്ത് നേരിട്ട് പ്രവർത്തിക്കുന്നവരിൽ 90% ൽ കൂടുതൽ ആൾക്കാർ പണിയെടുക്കുന്നത് ചെറുകിട പരമ്പ രാഗത മേഖലയിലാണ്. അതിൽ പകുതിപേരും സ്ത്രീകളാണ്. മുഴുവൻ സമയമോ ഭാഗികമായോ മത്സ്യബന്ധനത്തിൽ നേരിട്ട് പ്രവർത്തിക്കുന്നവരെ കൂടാതെ പരോക്ഷമായും സാന്ദർഭികമായും പണിയെടുത്ത് കുടുംബം പുലർത്തുന്നവർ ദശ ലക്ഷക്കണക്കിനാണ് ആഗോള ചെറുകിടമത്സ്യ മേഖലയിൽ ഉള്ളത്. അനുകൂല സാഹചര്യത്തിൽ ആവർത്തിക്കപ്പെടുന്ന ബദൽ തൊഴിലുകൾ എന്ന നിലയിലോ, ദുർഘടകാലങ്ങളിലെ പ്രധാനവരുമാന മാർഗ്ഗം എന്ന നിലയിലോ ഇത്തരം പരോക്ഷ തൊഴിലുകൾ കാണപ്പെടുന്നു. ചെറുകിട മത്സ്യ മേഖലയിലെ ഭൂരിഭാഗം മീൻപിടുത്തക്കാരും മത്സ്യ

[1] മത്സ്യവിഭവങ്ങൾ എന്ന പദം അർത്ഥമാക്കുന്നത്, കടലിലും ശുദ്ധജലത്തിലും ഉള്ളതും, പൊതുവേ പിടിച്ചെടുക്കപ്പെടുന്നതും ആയ എല്ലാത്തരം ജൈവ ജല വിഭവങ്ങൾ എന്നാണ്

തൊഴിലാളികളും സ്വയം തൊഴിൽ എടുക്കുന്ന വരോ സ്വന്തം കുടുംബത്തിനും സമൂദായത്തിനും നേരിട്ട് ഭക്ഷണം പ്രദാനം ചെയ്യുന്നവരോ ആണ്. വാണിജ്യ അടിസ്ഥാനത്തിലുള്ള മത്സ്യബന്ധനം, മത്സ്യസംസ്ക്കരണം, വിപണനം എന്നീ രംഗങ്ങളിലും അവർ ധാരാളമായി പണിയെടുക്കുന്നുണ്ട്. മീൻപിടുത്തവും, അനുബന്ധമേഖലകളും മിക്കപ്പോഴും കടൽ, കായൽ, നദികൾ എന്നിവയുടെ തടപ്രദേശങ്ങളിൽ വസിക്കുന്നവരുടെ പ്രാദേശിക സാമ്പത്തിക വ്യവസ്ഥിതിയിൽ അടിസ്ഥാനഘടകമായി വർത്തിക്കുകയും സമൂഹത്തിന്റെ മറ്റുമേഖലകളിൽ പ്രതിശതപ്രഭാവങ്ങൾ സൃഷ്ടിക്കുന്ന ഒരു യന്ത്ര ശക്തിയായി മാറുകയും ചെയ്യുന്നു.

വൈവിദ്ധ്യപൂർണ്ണവും ചലനാത്മകവും ആയ ഒരു ഉപമേഖലയെ ആണ് ചെറുകിട മത്സ്യമേഖല പ്രതിനിധീകരിക്കുന്നത്. തൊഴിൽ തേടിയുള്ള ദേശാന്തര ഗമനം/പ്രവാസം മിക്കപ്പോഴും അവിടെ ദൃശ്യമാകുന്ന ഒരു സാമൂഹ്യപ്രതിഭാസമാണ്. ഈ ഉപമേഖലയുടെ കൃത്യമായ സ്വഭാവ സവിശേഷതകൾ പ്രാദേശിക പരിസ്ഥിതികളെ ആശ്രയിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. അത് തീർച്ചയായും, പ്രാദേശിക സമുദായങ്ങളിൽ ഉറച്ച നങ്കൂരമുള്ളതും, സമീപസ്ഥമായ മത്സ്യവിഭവ സ്രോതസ്സുകളുമായും പരമ്പരാഗത അനുഷ്ഠാനങ്ങളും മൂല്യങ്ങളും ആയി ചരിത്രപരമായ ബന്ധങ്ങൾ പുലർത്തുന്നതും, സാമൂഹ്യമായ കെട്ടുറപ്പിനെ ഊട്ടിയുറപ്പിക്കുന്നതുമാണ്.

ചെറുകിട മത്സ്യമേഖലയിലെ മിക്ക മീൻപിടുത്തക്കാരെയും മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ച് മത്സ്യബന്ധനം എന്നത് ഒരു ജീവിത രീതിയാണ്. ആഗോള പ്രാധാന്യമുള്ള ഒരു സാംസ്കാരിക വൈവിദ്ധ്യത്തിന്റെ സമൃദ്ധിയാണ് ഈ ഉപമേഖല ഉൾക്കൊള്ളുന്നത്.

ദുർബ്ബലരും പാർശ്വവൽകൃതരും ഉൾപ്പെടെ ചെറുകിട മേഖലയിൽ പണിയെടുക്കുന്ന മീൻപിടുത്തക്കാരും മത്സ്യത്തൊഴിലാളികളും ജീവസന്ധാരണം നടത്തുന്നത്, കരയിലും ജലാശയങ്ങളിലും ഉള്ള അവരുടെ തൊഴിലിടങ്ങളിലേയ്ക്കുള്ള നേർപ്രവേശനത്തെ ആശ്രയിച്ചാണ്. തീരപ്രദേശത്തും ജലാഭിമുഖ പ്രദേശത്തും നിലകൊള്ളുന്ന ഭൂമിയിൽ തങ്ങൾക്കുള്ള ടെന്യൂർ അവകാശങ്ങൾ (Tenure Rights)[2] മത്സ്യവിഭവങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നതിൽ ഒരു നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മാത്രവുമല്ല, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങൾ (സംസ്കരണം, വിപണനം) ഗൃഹനിർമ്മാണം, മറ്റ് ഉപജീവനമാർഗ്ഗങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും ഈ അവകാശങ്ങൾ അത്യന്താപേക്ഷിതമാണ്. ജല ആവാസവ്യവസ്ഥകളുടേയും അനുബന്ധ ജൈവ വൈവിദ്ധ്യത്തിന്റേയും ആരോഗ്യം എന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ജീവനോപാധികൾക്കും, പൊതുവേയുള്ള സാമൂഹ്യസ്ഥിതിയിൽ സംഭാവനകൾ നൽകുവാൻ ഈ ഉപമേഖലയ്ക്കുള്ള ശക്തിക്കും ആധാരമായ അതിപ്രധാനമായ ഒരു ഘടകമാണ്. ഇത്രയേറെ പ്രാധാന്യം ഉണ്ടായിട്ടും

[2] പ്രവേശന, കൈവശ, ഉപഭോഗ, ഉടമസ്ഥ അവകാശങ്ങൾ ഒന്നിക്കുന്ന ഒരു അവസ്ഥയെ ദ്യോതിപ്പിക്കുന്ന ഒരു മലയാളപദം ലഭ്യമല്ലാത്തതിനാൽ 'ടെന്യൂർ' എന്ന ആംഗലേയ പദം തന്നെയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്.

ചെറുകിട മത്സ്യമേഖലയിലെ മിക്ക സമൂദായങ്ങളും പാർശ്വവൽകൃതരായി തുടരുന്ന അവസ്ഥയാണ് ഉള്ളത്. ഭക്ഷ്യ സുരക്ഷ, പോഷണം, ദാരിദ്ര്യനിർമ്മാർജ്ജനം, സമതുലിത വികസനം, സുസ്ഥിര വിഭവ വിനിയോഗം – അത് തങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമായ ഒന്നാണ് – എന്നീ രംഗങ്ങളിലെ ഇവരുടെ സംഭാവനകൾ പൂർണ്ണഫലപ്രാപ്തി പ്രാപിക്കാതെ നിൽക്കുകയാണ്.

ചെറുകിട മത്സ്യമേഖലയുടെ സംഭാവനകൾ ഭദ്രമാക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും ഒരുപാട് വെല്ലുവിളികളും, മാർഗ്ഗതടസ്സങ്ങളും നേരിടേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് നാല് പതിറ്റാണ്ടുകൾ കൊണ്ട് മത്സ്യമേഖലയിൽ നടന്ന വികസനങ്ങൾ, ലോകത്തെ മിക്ക ഭാഗങ്ങളിലും സംജാതമാക്കിയത് മത്സ്യവിഭവങ്ങളുടെ അമിത ചൂഷണവും ആവാസവ്യവസ്ഥക്ക് നേരെയുള്ള അനവധി ഭീഷണികളുമാണ്. മത്സ്യവിഭവങ്ങളുടെ വിതരണവും പങ്കിടലും സംബന്ധിച്ച് പരമ്പരാഗതമായി അനുവർത്തിച്ച് പോന്ന ഗുണകര മായ നാട്ടുനടപ്പുകൾ ഇന്ന് അന്യം നിന്നിരിക്കുന്നു. പങ്കാളിത്തം പ്രോത്സാഹിപ്പിക്കാത്തതും, മിക്കപ്പോഴും ഒരു കേന്ദ്രീകൃത വ്യവസ്ഥിതിയിൽ നടത്തപ്പെടുന്നതും ആയ മേൽനോട്ട പരിപാലന സമീപനങ്ങൾ, സാങ്കേതിക വിദ്യയിലെ കുതിച്ചുചാട്ടങ്ങൾ, ജനസംഖ്യാപര മായ മാറ്റങ്ങൾ എന്നിങ്ങനെ വിവിധ കാരണങ്ങൾ ഇതിനുപിന്നിൽ കണ്ടെത്താനാകും. ചെറുകിട മത്സ്യ മേഖലയിലെ മിക്ക സമുദായങ്ങളും അധികാര ശ്രേണികളിലെയും ബന്ധങ്ങളിലെയും അസമത്വങ്ങളുടെ തിക്തഫലം അനുഭവിക്കുന്നവരാണ് എന്നതും ഓർക്കേണ്ടതുണ്ട്. മിക്കസ്ഥലങ്ങളിലും, വൻകിട മത്സ്യമേഖലയുമായുള്ള സംഘർഷങ്ങൾ പ്രശ്നങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ചെറുകിട മത്സ്യമേ ഖലയ്ക്ക് മറ്റ് മേഖലകളുമായി ഉള്ള പരസ്പരാശ്രിതത്വം മാത്രമല്ല മത്സരവും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്.

എന്നാൽ മിക്കപ്പോഴും ടൂറിസം, മത്സ്യകൃഷി, കൃഷി, ഊർജ്ജം, ഖനനം, വ്യവസായം, വികസനോന്മുഖനിർമ്മിതികൾ, തുടങ്ങിയ ഈ ഇതരമേഖലകൾക്ക് ചെറുകിട മത്സ്യമേഖലയെ അപേക്ഷിച്ചുള്ള രാഷ്ട്രീയമോ സാമ്പത്തികമോ ആയ സ്വാധീനശക്തി എത്രയോ കൂടുതലാണ് എന്നതാണ് വാസ്തവം.

ചെറുകിട മത്സ്യമേഖലയിലെ സമുദായങ്ങളിൽ കാണപ്പെടുന്ന ദാരിദ്ര്യം ബഹുമുഖസ്വഭാവമുള്ള താണ്. കുറഞ്ഞ വരുമാനം മാത്രമല്ല അതിനുകാരണം. പൗരാവകാശങ്ങൾ, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സാംസ്കാരികാവകാശങ്ങൾ എന്നിവ ഉൾപ്പടെ യുള്ള മനുഷ്യാവകാശങ്ങൾ പൂർണ്ണമായി അനുഭവിക്കാൻ അനുവദിക്കാത്ത മറ്റ് അനവധി ഘടകങ്ങളും ഇതിനു കാരണമായി അടയാളപ്പെടുത്താം. ചെറുകിട മത്സ്യബന്ധനം നടത്തുന്ന സമുദായങ്ങൾ മിക്കപ്പോഴും ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട ഉൾനാടുകളിൽ കഴിയുന്നതിനാൽ പ്രധാനപ്പെട്ട വിപണന കേന്ദ്രങ്ങ ളിലേയ്ക്കുള്ള പ്രവേശനം പരിമിതമാകുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യസേവന മാർഗ്ഗങ്ങളും ഇവർക്ക് വേണ്ടരീതിയിൽ ലഭ്യമാകാറില്ല. ഔപചാരിക വിദ്യാഭ്യാസത്തിന്റെ കുറവ്, അനാരോഗ്യം (HIV/ AIDS രോഗികൾ ഇവരുടെ ഇടയിൽ ദേശീയ ശരാശരിയെക്കാൾ കൂടുതലായി കാണപ്പെടുന്നു) സാമൂഹ്യവികസനഘടകങ്ങളുടെ അപര്യാപ്തത എന്നീ കാര്യങ്ങളും ഇവരുടെ ഇടയിൽ ദൃശ്യമാണ്.

ബദൽ ജീവനമാർഗ്ഗങ്ങളുടെ കുറവ്, അനാരോഗ്യപരവും സുരക്ഷാരഹിതവുമായ തൊഴിൽ സാഹചര്യങ്ങൾ, അടിമത്തം, ബാലവേല തുടങ്ങിയ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നതിനാൽ വികസനോന്മുഖ മായ അവസരങ്ങൾ പരിമിതമാക്കപ്പെടുന്നു. മലിനീകരണം, പരിസ്ഥിതി ശോഷണം, കാലാവസ്ഥാ വ്യതിയാനങ്ങൾ കൊണ്ടുള്ള തിക്തഫലങ്ങൾ, മനുഷ്യ നിർമ്മിതവും സ്വാഭാവികവുമായ ദുരന്തങ്ങൾ എന്നിവ ഇവർ നേരിടുന്ന ഭീഷണികൾക്ക് ആക്കം കൂട്ടുന്നു. ഈ ഘടകങ്ങൾ എല്ലാം ചേർന്ന് ചെറുകിട മത്സ്യമേഖലയിലെ മീൻപിടുത്തക്കാരുടേയും മത്സ്യത്തൊഴിലാളി കളുടേയും സ്വന്തം ആവശ്യങ്ങൾക്കായി ശബ്ദം ഉയർത്തുന്നതിനുള്ള ഇവരുടെ ശക്തിയെ ദുർബ്ബലപ്പെടുത്തുകയും മനുഷ്യാവകാശങ്ങളും ടെന്യൂർ അവകാശങ്ങളും ചെറുത്ത് സംരക്ഷിക്കുന്നതിനും, തങ്ങൾ ആശ്രയിക്കുന്ന പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരിത ഉറപ്പാക്കുന്നതിനും ഇവർക്ക് സാധ്യമാകാതെ വരികയും ചെയ്യുന്നു.

ചെറുകിട മത്സ്യബന്ധന സമുദായങ്ങളുടെ പ്രതിനിധികൾ, പൗരസമൂഹസംഘടനകൾ, ഭരണകൂടങ്ങൾ, മേഖലാ സംഘടനകൾ, മറ്റ് തല്പരകക്ഷികൾ എന്നവരുമായി ചേർന്ന ഒരു അന്താരാഷ്ട്ര പങ്കാളിത്ത–സമ്പർക്ക പ്രകിയയിലൂടെയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. കരട് നിർദ്ദേശങ്ങൾ പുനരവലോകനം ചെയ്യുവാനായി ലോക ഭക്ഷ്യ കാർഷിക സംഘടന 2013, 20–24 മെയ് മാസത്തിലും 2015, 3–7 ഫെബ്രുവരിയിലും രണ്ട് സാങ്കേതിക സമ്മേളനങ്ങൾ വിളിച്ചു ചേർക്കുക ഉണ്ടായി. എല്ലാ മനുഷ്യാവകാശങ്ങളും ലോകവ്യാ പ്തിയുള്ളതും, അവിഘടിതവും, പരസ്പര ബന്ധിതവും പരസ്പരാശ്രിതവും ആണെന്ന ആഗോളതത്വം മാത്രമല്ല സമത്വം, വിവേചനരാഹിത്യം, പങ്കാളിത്തം, സമഗ്രത, നിയമവാഴ്ച, സാമ്പത്തിക ഉത്തരവാദിത്വം തുടങ്ങിയ വിവിധ കാര്യങ്ങളും പൊതുതത്വങ്ങളും ഈ സമ്മേളനങ്ങൾ വിശദമായി പരിഗണിക്കുകയുണ്ടായി. അന്താരാഷ്ട്ര മനുഷ്യാവകാശങ്ങളുമായി ഒത്തു പോകുന്നതും പരിപോഷിപ്പിക്കുന്നതുമാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ. ചട്ടത്തിനും ബന്ധപ്പെട്ട നയ ഉപകര ണങ്ങൾക്കും അനുപൂരകമായാണ് ഈ മാർഗ്ഗ നിർദ്ദേ ശങ്ങൾ നിലകൊള്ളുന്നത്. ചട്ടവുമായി ബന്ധപ്പെട്ട് സാങ്കേതിക മാർഗനിർദ്ദേശങ്ങളും സ്വമേധയാ നടപ്പിലാക്കേണ്ട മറ്റ് അന്താരാഷ്ട്ര നയഉപകരണങ്ങളും പരിഗണിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഉത്തരവാദിത്വ മത്സ്യബന്ധന സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ No.10 (ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, ഭക്ഷ്യ സുരക്ഷയ്ക്കും ചെറുകിട മത്സ്യബന്ധന മേഖലയുടെ സംഭാവനകൾ വർദ്ധിപ്പിക്കൽ) ടെന്യൂർ മാർഗ്ഗ നിർദ്ദേശങ്ങൾ, ഭക്ഷ്യാവകാശ മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയവ. ഭരണകൂടങ്ങളും, മറ്റ് തൽപരകക്ഷികളും ഈ ചെറുകിട മത്സ്യമേഖലാ മാർഗ്ഗ നിർദ്ദേശ ങ്ങൾ നടപ്പിലാക്കുന്നതിനായി ബൗദ്ധികവും പ്രായോഗികവുമായ ഇടപെടലുകൾ നടത്തുമ്പോൾ മേൽചൊന്ന അന്താരാഷ്ട്ര ഉപകരണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉചിതമായ രീതിയിൽ പരിഗണിക്കേണ്ടത് ആവശ്യമാണ്.

# ഭാഗം — 1

# ഉപക്രമം

## 1. ലക്ഷ്യങ്ങൾ:

1.1 ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

a) ആഗോള ഭക്ഷ്യ പോഷകസുരക്ഷയ്ക്ക് ചെറുകിട മത്സ്യമേഖലയുടെ സംഭാവന വർദ്ധിപ്പിക്കുകയും, ആവശ്യത്തിന് ആഹാരം എന്ന അവകാശം പടിപടിയായി സാക്ഷാത്കരിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.

b) ചെറുകിട മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ തുല്യതയിൽ അടിസ്ഥാനമാക്കിയുള്ള വികസനത്തിനും, ദാരിദ്ര്യ നിർമ്മാർജനത്തിനും സംഭാവന ചെയ്യുകയും, സുസ്ഥിര മത്സ്യപരിപാലനത്തിന്റെ സാഹചര്യത്തിൽനിന്നുകൊണ്ട് മീൻപിടുത്തക്കാരുടെയും, മത്സ്യ അനുബന്ധ തൊഴിലാളികളുടെയും സാമൂഹ്യസാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുകയും ചെയ്യുക.

c) ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റ ചട്ടത്തിനും, മറ്റ് അന്താരാഷ്ട്ര നയ ഉപകരണങ്ങൾക്കും അനുസൃതമായി മത്സ്യവിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം, ഉത്തരവാദപരമായ പരിപാലനം, സംരക്ഷണം എന്നിവ കൈവരിക്കുക.

d) ഭൂമിയുടെയും അതിലെ നിവാസികളായ മനുഷ്യരുടെയും, സാമ്പത്തികവും, സാമൂഹ്യവും, പാരിസ്ഥിതികവുമായി സുസ്ഥിരതയുള്ള ഒരു ഭാവിയ്ക്കായി ചെറുകിട മത്സ്യമേഖലയുടെ സംഭാവനയെ പ്രോത്സാഹിപ്പിക്കുക.

e) ഉത്തരവാദപരവും, സുസ്ഥിരവുമായ ചെറുകിട മത്സ്യമേഖലയുടെ വളർച്ചയ്ക്ക് ആവാസവ്യവസ്ഥാനുകൂലമായതും, പങ്കാളിത്തപരവുമായ നയങ്ങൾ, തന്ത്രങ്ങൾ, നിയമചട്ടക്കൂടുകൾ എന്നിവ വികസിപ്പിക്കുന്നതിലും, നടപ്പിലാക്കുന്നതിലും, ഭരണകൂടങ്ങളും ബന്ധപ്പെട്ട പങ്കാളികളും ആവശ്യമായ പരിഗണന നൽകുന്നതരത്തിലുള്ള മാർഗ്ഗ നിർദ്ദേശം നൽകുക.

f) ചെറുകിട മത്സ്യബന്ധന മേഖലയുടെ പരമ്പരാഗതവിജ്ഞാനവും, അവർ നേരിടുന്ന വെല്ലുവിളികളും, അവസരങ്ങളും കണക്കിലെടുത്തുകൊണ്ട് അതിന്റെ സംസ്ക്കാരം, പങ്ക്, സംഭാവന, സാദ്ധ്യതകൾ എന്നിവയെപ്പറ്റിയുള്ള അറിവ് വർദ്ധിപ്പിക്കുകയും ഇതേപ്പറ്റി പൊതുജനങ്ങളുടെ അവബോധം ഉയർത്തുകയും ചെയ്യുക.

1.2 തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ സ്ത്രീകളും, പുരുഷന്മാരും ഉൾപ്പെടെ, ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾ പങ്കെടുക്കുന്നതിനായി അവരെ ശാക്തീകരിച്ചുകൊണ്ടും, മത്സ്യവിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ടും, വികസ്വര രാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും, ദുർബ്ബല വിഭാഗങ്ങളുടേയും ഉന്നമനത്തിന് സഹായകരമാകുന്നതുമായ മനുഷ്യാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സമീപനത്തിന്റെ പ്രോത്സാഹനത്തിലൂടെ വേണം ഈ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടത്.

## 2. സ്വഭാവവും സാധ്യതയും:

2.1 ഈ മാർഗ്ഗ നിർദ്ദേശങ്ങൾ സ്വമേധയാ നടപ്പാക്കേണ്ട ഒന്നാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ലോകത്തെവിടെയുമുള്ള ചെറുകിട മത്സ്യ മേഖലകളിൽ സാധുവാകേണ്ടതുണ്ട്. ഇവയ്ക്ക് ആഗോളമാനമാണുള്ളതെങ്കിലും വികസ്വര രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

2.2 കടലിലും ഉൾനാടൻ ജലാശയങ്ങളിലുമുള്ള ചെറുകിട മത്സ്യമേഖയിലെ എല്ലാവർക്കും, അതായത്, മത്സ്യബന്ധനത്തിന് മുൻപും പിൻപുമുള്ളവയുൾപ്പെടെ മൂല്യശ്രേണിയിലെ എല്ലാവിധ പ്രവർത്തികളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കും, പുരുഷന്മാർക്കും, ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസക്തമാണ്. ചെറുകിട മത്സ്യമേഖലയും മത്സ്യകൃഷിയുമായുള്ള പ്രധാനപ്പെട്ട ബന്ധങ്ങൾ ഇത് അംഗീകരിക്കുന്നു എങ്കിലും, മീൻപിടുത്തം/

മത്സ്യബന്ധനമാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ താത്വികമായ കേന്ദ്രബിന്ദു.

2.3 ഭക്ഷ്യകാർഷിക സംഘടനയുടെ അംഗങ്ങൾ, അംഗങ്ങളല്ലാത്തവർ, രാഷ്ട്രത്തിന്റെ എല്ലാ തലങ്ങളിലും മാത്രമല്ല, ഉപപ്രാദേശികം, പ്രാദേശികം, അന്താരാഷ്ട്ര, അന്തർഭരണകൂട നിലകളിലുള്ള സംഘടനകൾ, ചെറുകിട മത്സ്യമേഖലയിലെ എല്ലാത്തരം പ്രവർത്തകർ (മത്സ്യത്തൊഴിലാളികൾ, മത്സ്യ അനുബന്ധതൊഴിലാളികൾ, അവരുടെ സമുദായങ്ങൾ, പരമ്പരാഗതവും നാട്ടുനടപ്പനുസരിച്ചുള്ളതുമായ അധികാരികൾ, തൊഴിലുമായി ബന്ധപ്പെട്ട സംഘടനകൾ, പൗരസമൂഹസംഘടനകൾ എന്നിവ) ഇവരെയൊക്കെയാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നത്. ഗവേഷണ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല, സന്നദ്ധസംഘടനകൾ, ജലപരിസ്ഥിതിയുടെ വിനിയോഗം,കടലോര ഗ്രാമീണ വികസനം ഇങ്ങിനെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ഈ മാർഗ്ഗനിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നു.

2.4 ചെറുകിട മത്സ്യമേഖലയിൽ നിലനില്ക്കുന്ന വൈവിദ്ധ്യവും, ഈ ഉപമേഖലയ്ക്ക് സർവ്വസമ്മതമായ ഒരു നിർവ്വചനം സാദ്ധ്യമല്ല എന്ന വസ്തുതയും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ട്. ആയതിനാൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയ്ക്ക് ഒരു അടിസ്ഥാന നിർവ്വചനം നൽകുകയോ, ഒരു രാഷ്ട്രത്തിന്റെ സാഹചര്യത്തിൽ ഇവ നടപ്പിലാക്കേണ്ടത് എങ്ങിനെയെന്ന് നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. ഉപജീവനത്തിനു മാത്രമായി ചെറുകിട മത്സ്യബന്ധനം നടത്തുന്നവർക്കും, ദുർബ്ബലരായ മീൻപിടുത്ത വിഭാഗങ്ങൾക്കും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസക്തമാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനായി ഏതൊക്കെ പ്രവൃത്തികളും, പ്രവർത്തകരും ആണ് ചെറുകിട മത്സ്യമേഖലയിൽ ഉള്ളവരായി പരിഗണിക്കേണ്ടത് എന്നും, കൂടുതൽ പരിഗണന വേണ്ട ദുർബ്ബല പാർശ്വവൽകൃത വിഭാഗങ്ങൾ ഏതൊക്കെയെന്നും നിർണ്ണയിക്കേണ്ടത് അത്യാവശ്യമാണ്. പ്രാദേശിക, ഉപപ്രാദേശിക അഥവാ ദേശീയതലങ്ങളിലും ഇവ നടപ്പിലാക്കുന്ന പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായും വേണം ഈ നിർണ്ണയം നടത്തേണ്ടത്. ഈ നിർണ്ണയ പ്രക്രിയയും നടപ്പിലാക്കലും സ്ത്രീപുരുഷൻമാരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഉതകുന്നതരത്തിൽ കാര്യമായ പങ്കാളിത്തവും, വിവിധ തല പ്രാതിനിധ്യവും, ഉദ്ദേശശുദ്ധിയും ലക്ഷ്യമാക്കിയുള്ള പ്രക്രിയകൾവഴിയാണ് നടത്തപ്പെടുന്നത് എന്ന് ഭരണകൂടങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. എല്ലാ ബന്ധപ്പെട്ട ആൾക്കാരും ഇത്തരം പ്രക്രിയകളിൽ ഉചിതമായ രീതിയിൽ ഭാഗഭാക്കാകുകയും പിൻതാങ്ങുകയും വേണം.

2.5 ദേശീയ നീതിന്യായ വ്യവസ്ഥകൾക്കും നീതിന്യായ സ്ഥാപനങ്ങൾക്കും വിധേയമായി വേണം മാർഗ്ഗനിർദ്ദേശങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടതും, നടപ്പിൽ വരുത്തേണ്ടതും.

## 3. നിർദ്ദേശക തത്ത്വങ്ങൾ:

3.1 മനുഷ്യാവകാശവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര മാനദണ്ഡങ്ങൾ, ഉത്തരവാദപര മാനദണ്ഡങ്ങളും രീതികളും, ഐക്യരാഷ്ട്ര സംഘടനയുടെ റയോ+20 ഉച്ചകോടി പുറത്തിറക്കിയ "നാം തേടുന്ന ഭാവി" എന്ന പ്രസിദ്ധീകരണത്തിൽ ലക്ഷ്യമിടുന്ന സുസ്ഥിര വികസനം, ഉത്തരവാദിത്വ മത്സ്യബന്ധനപെരുമാറ്റ ചട്ടവും ബന്ധപ്പെട്ട മറ്റ് നയ ഉപകരണങ്ങളും, 'മതിയായ ഭക്ഷണം' എന്ന അവകാശം പടിപടിയായി കൈവരിക്കുന്നതിന്റെ ആവശ്യകത, ദുർബ്ബല പാർശ്വവത്കൃത സമുദായങ്ങളുടെ പ്രത്യേക പരിഗണന എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചിരിക്കുന്നത്.

1. **മനുഷ്യാവകാശങ്ങളും മാന്യതയും**:
അന്യവൽക്കരണരാഹിത്യം, സാർവ്വജനീയത, അഖണ്ഡത, പരസ്പരാശ്രിതത്വം, പാരസ്പര്യം, വിവേചനരാഹിത്യം, തുല്യത, പങ്കാളിത്തം, ഉത്തരവാദിത്വം, നിയമവാഴ്ച എന്നീ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നതനുസരിച്ച് എല്ലാ മനുഷ്യരുടേയും അന്തർലീനമായ മാന്യതയും, തുല്യവും, അവിഭാജ്യവുമായ അവകാശ

ങ്ങളും അംഗീകരിച്ചുകൊണ്ട് ചെറുകിട മത്സ്യമേഖലയെ ആശ്രയിക്കുന്ന എല്ലാ സമുദായങ്ങളുടേയും മനുഷ്യാവകാശങ്ങൾ, അവയുടെ തത്ത്വങ്ങൾ, പ്രായോഗികത എന്നിവയെ എല്ലാവരും അംഗീകരിക്കുകയും, ബഹുമാനിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെറുകിട മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ പ്രവർത്തകരുടെ അവകാശങ്ങളെ ഭരണകൂടങ്ങൾ ബഹുമാനിക്കുകയും, സംരക്ഷിക്കുകയും വേണം. ചെറുകിട മത്സ്യമേഖലയിലെയോ, അതുമായി ബന്ധപ്പെട്ടതോ ആയ വ്യാപാര സംരംഭങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാരേതര പ്രവർത്തകർക്കും മനുഷ്യാവകാശങ്ങളെ ബഹുമാനിക്കുവാനുള്ള ഒരു ഉത്തരവാദിത്വമുണ്ട്. ചെറുകിട മത്സ്യമേഖലയിലെ സർക്കാരേതര പ്രവർത്തകർ, അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാനായി അവരുടെ പ്രവർത്തനങ്ങളെ ഭരണകൂടങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

2. **വിവിധ സംസ്കൃതികളോടുള്ള ബഹുമാനം**: ചെറുകിട മത്സ്യമേഖലയിലെ പ്രാദേശിക സമുദായങ്ങളും, വർഗപരമായ ന്യൂനപക്ഷങ്ങളും ഉൾപ്പെടെയുള്ള സമുദായങ്ങളുടെ നിലവിലുള്ള സാമൂഹ്യഘടന, പാരമ്പര്യ വിജ്ഞാനം, നാട്ടറിവുകൾ, എന്നിവയെ സ്ത്രീകൾക്കെതിരെയുള്ള എല്ലാത്തരം വിവേചനങ്ങളും ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ഉടമ്പടിയുടെ വകുപ്പ് "അഞ്ച്" കണക്കിലെടുത്ത്, സ്ത്രീകളുടെ നേതൃത്വം പ്രോത്സാഹിപ്പിച്ചുകൊണ്ട്, അംഗീകരിക്കുകയും, ബഹുമാനിക്കുകയും വേണം.

3. **വിവേചന രാഹിത്യം**:– ചെറുകിട മത്സ്യ മേഖലയുമായി ബന്ധപ്പെട്ട നയങ്ങളിലെയും പ്രയോഗങ്ങളിലെയും എല്ലാത്തരം വിവേചനങ്ങളും ഉന്മൂലനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

4. **ലിംഗസമത്വവും നീതിയും**:– ഇത് ഏത് വികസനത്തിന്റെയും അടിസ്ഥാനമാണ്. ചെറുകിട മത്സ്യമേഖലയിൽ സ്ത്രീകളുടെ സുപ്രധാന പങ്ക് പരിഗണിച്ചുകൊണ്ട് തുല്യ അവകാശങ്ങളും അവസരങ്ങളും പ്രോത്സാഹിക്കപ്പെടണം.

5. **നീതിയും സമത്വവും**:– എല്ലാ മനുഷ്യാവകാശങ്ങളും അനുഭവിക്കുന്നതിനായുള്ള തുല്യ അവകാശങ്ങൾ ഉൾപ്പെടെ, എല്ലാ വ്യക്തികളുടേയും, സമൂഹങ്ങളുടേയും, നിയമപരവും, പ്രയോഗപരവുമായ നീതിയും, സമത്വപൂർണ്ണമായ പരിഗണനയും പ്രോത്സാഹിക്കപ്പെടണം. അതേ സമയം സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള വ്യത്യാസങ്ങൾ അംഗീകരിക്കുകയും, ദുർബല പാർശ്വവൽകൃത സമൂഹങ്ങൾക്കായി തുല്യത ഉറപ്പാക്കുന്നതിനായി അവശ്യ ഘട്ടങ്ങളിൽ വിവേചനാപരമായ പരിഗണനകൾ ഉൾപ്പെടെയുള്ള നടപടികളിലൂടെ യഥാർത്ഥതുല്യത കൈവരിക്കുന്നത് ത്വരിതപ്പെടുത്തേണ്ടതുമാണ്.

6. **അഭിപ്രായരൂപീകരണവും പങ്കാളിത്തവും**:– മത്സ്യവിഭവങ്ങളുമായും, ചെറുകിട മത്സ്യബന്ധനം നടത്തുന്ന തീരമേഖലയുമായും, സമീപ പ്രദേശങ്ങളുമായും ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിലെല്ലാം തദ്ദേശവാസികളുടെ അവകാശവുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭാ പ്രഖ്യാപനവും (UN DRIP) നിലവിലുള്ള അധികാര അസമത്വങ്ങളും കണക്കിലെടുത്ത്, ചെറുകിട മത്സ്യമേഖലയിലെ സമുദായങ്ങളുടെ ക്രിയാത്മകവും, സ്വതന്ത്രവും, ഫലപ്രദവും, അർത്ഥപൂർണ്ണവും, ബോധപൂർവ്വവുമായ പങ്കാളിത്തം ഉറപ്പുവരുത്തപ്പെടണം. ഇങ്ങിനെയുള്ള തീരുമാനങ്ങൾ ബാധിക്കാൻ പോകുന്ന എല്ലാവരിൽനിന്നും പ്രതികരണങ്ങളും, സഹകരണവും ഉറപ്പ് വരുത്തുന്നതും അവരുടെ സമീപനങ്ങളോട് പ്രതികരിക്കുന്നതും ഇതിന്റെ ഭാഗമാണ്.

7. **നിയമവാഴ്ച**:– പ്രസക്തമായ ഭാഷകൾവഴി വ്യാപകമായ പ്രചാരം നൽകപ്പെട്ടതും, സ്വതന്ത്രമായി തീർപ്പുകൽപ്പിക്കപ്പെട്ടതും, ദേശീയ, അന്തർദേശീയ നിയമങ്ങൾ അനുസരിച്ച് നിലവിലുള്ള ബാധ്യതകൾക്ക് അനുഗുണമായതും, പ്രസക്തമായ അന്താരാഷ്ട്ര ഉപകരണങ്ങൾ പ്രകാരമുള്ള സ്വമേധയാ നടത്തേണ്ട കടമകൾക്ക് വേണ്ട പരിഗണന നൽകുന്നതുമായ ഒരു നിയമവ്യവസ്ഥയെ അടിസ്ഥാനമാക്കിയ സമീപനം കൈക്കൊള്ളേണ്ടതുണ്ട്.

8. **സുതാര്യത**:– നയങ്ങൾ, നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വ്യക്തമായി നിർവ്വചിക്കു

കയും പ്രസക്തമായ ഭാഷകളിൽ വ്യാപകമായ പ്രചാരം നൽകേണ്ടതും, തീരുമാനങ്ങൾ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ പ്രസക്തമായ ഭാഷകളിൽ വ്യാപകമായി പ്രചരിപ്പിക്കേണ്ടതുമാണ്.

9. **ഉത്തരവാദിത്വം**:– എല്ലാ വ്യക്തികളെയും, പൊതുമേഖലാ സംഘടനകളെയും, സർക്കാരേതര പ്രവർത്തകരെയും, അവർ എടുക്കുന്ന തീരുമാനങ്ങൾക്കും, പ്രവർത്തനങ്ങൾക്കും മേൽ അവർക്കുള്ള ഉത്തരവാദിത്വം നിയമവാഴ്ചയുടെ തത്വങ്ങൾക്കനുസൃതമായി ചുമത്തേണ്ടതാണ്.

10. **സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക, സുസ്ഥിരത**:– മത്സ്യവിഭവങ്ങളുടെ അമിത ചൂഷണവും, പ്രതികൂലമായ, പാരിസ്ഥിതിക, സാമൂഹ്യ, സാമ്പത്തിക പ്രത്യാഘാതങ്ങളും ഉൾപ്പെടെയുള്ള അനഭിലഷണീയമായ ഫലങ്ങൾക്ക് എതിരായി ചെറുത്ത് നില്പുകൾ സാധിക്കുന്ന മുൻകരുതൽ സമീപനവും, അപായ സാധ്യതാ മേൽനോട്ടവും പ്രയോഗത്തിൽ കൊണ്ടുവരിക.

11. **സമ്പൂർണ്ണവും സമഗ്രവുമായ സമീപനങ്ങൾ**: പാരിസ്ഥിതികവ്യവസ്ഥകളുടെയും, ചെറുകിട മത്സ്യമേഖലയുടെ ജീവനോപാധികളുടെയും എല്ലാ ഘടകങ്ങളുടെയും, സമഗ്രത, സുസ്ഥിരത എന്നീ ആശയങ്ങളെ ആശ്ലേഷിച്ചുകൊണ്ടും ചെറുകിട മത്സ്യമേഖല എന്നത് ഇതിലുള്ള ഘടകങ്ങളെ മാത്രമല്ല, അനുബന്ധമേഖലകളെയും ബന്ധപ്പെട്ടും ആശ്രയിച്ചിരിക്കുന്നു എന്നുള്ളതാകയാൽ അന്തർമേഖലാ സംയോജനം ഉറപ്പുവരുത്തിക്കൊണ്ടുള്ള ആവാസവ്യവസ്ഥാ സമീപനം ഒരു പ്രധാന മാർഗ്ഗനിർദ്ദേശ തത്വമായി അംഗീകരിക്കണം.

12. **സാമൂഹ്യ ഉത്തരവാദിത്വം**:– സമുദായഭദ്രതയും, സഹകരണവും, കൂട്ടായ ഉത്തരവാദിത്വവും, പ്രോത്സാഹിപ്പിക്കുന്നതിനും, പങ്കാളികളുടെ സഹകരണം പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും വേണ്ട കാര്യങ്ങൾ ചെയ്യണം.

13. **പ്രായോഗികതയും, സാമൂഹ്യസാമ്പത്തിക ഭദ്രതയും**:– ചെറുകിട മത്സ്യമേഖലയുടെ ഭരണപരമായ കാര്യങ്ങളും, വികസനവും, വർദ്ധിപ്പിക്കുന്നതിനായുള്ള നയങ്ങളും, തന്ത്രങ്ങളും, പദ്ധതികളും, പ്രവർത്തനങ്ങളും, സാമൂഹ്യവും, സാമ്പത്തികവുമായി അർത്ഥപൂർണ്ണവും, യുക്തിഭദ്രവും ആണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇവ നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കുന്നതും, മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി നടപ്പിൽ വരുത്താവുന്നതും, അവയോട് ഇണങ്ങിച്ചേർന്നതും ആയിരിക്കണം. അവ സമുദായങ്ങളുടെ പൂർവ്വസ്ഥിതി പ്രാപ്തിക്കുള്ള കഴിവിനെ (resilience) പിൻതാങ്ങുന്നതുമായിരിക്കണം.

## 4. മറ്റ് അന്താരാഷ്ട്ര ഉപകരണങ്ങളുമായുള്ള ബന്ധം

4.1 ദേശീയ അന്തർദേശീയ നിയമങ്ങളുടെ കീഴിൽ നിലവിലുള്ള അവകാശങ്ങൾക്കും, കടമകൾക്കും അനുസൃതമായും, പ്രസക്തമായ മേഖലാ അന്തർദേശീയ ഉപകരണങ്ങൾക്കു കീഴിലുള്ള സ്വമേധയാ നടപ്പിലാക്കേണ്ട ഉത്തരവാദിത്വങ്ങൾക്ക് വേണ്ട പരിഗണന നൽകിയും വേണം ഈ മാർഗ്ഗ നിർദ്ദേശങ്ങൾ വ്യാഖ്യാനിക്കേണ്ടതും, പ്രയോഗത്തിൽ വരുത്തേണ്ടതും. ഇവ മനുഷ്യാവകാശങ്ങൾ, ഉത്തരവാദിത്വ മത്സ്യബന്ധനം, സുസ്ഥിരവികസനം എന്നിവ ലക്ഷ്യമാക്കിയുള്ള, ദേശീയ, മേഖലാ, അന്തർദേശീയ പരിശ്രമങ്ങളെ പിൻതാങ്ങുന്നവയാണ്. ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റചട്ടത്തിനും, അത് ലക്ഷ്യമാക്കുന്ന സുസ്ഥിര വിഭവവിനിയോഗത്തിനും സഹായകമാകുന്ന രീതിയിലാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിച്ചിട്ടുള്ളത്.

4.2 അന്തർദ്ദേശീയ നിയമത്തിനു കീഴിൽ ഒരു രാഷ്ട്രം പാലിക്കേണ്ട ഏതെങ്കിലും കടമയ്ക്കോ, ഉത്തരവാദിത്വത്തിനോ, തടസ്സമാകുന്നതോ, വിരുദ്ധമാകുന്നതോ ആയ രീതിയിൽ ഈ മാർഗ്ഗ നിർദ്ദേശങ്ങളിലെ ഒരു പരാമർശവും വ്യാഖ്യാനിക്കുവാൻ പാടില്ല. ഭേദഗതികൾ നിർദ്ദേശിക്കുവാനോ നിയമ നിർമ്മാണ പരവും, നിയന്ത്രണപരവുമായ നൂതനാശയങ്ങൾക്ക് പ്രചോദനമാക്കുവാനോ ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഉപയോഗിക്കാവുന്നതാണ്.

പ്രവർത്തിക്കുന്നവർക്കായി ഇതിന്റെ ലളിത പരിഭാഷകൾ ഉണ്ടാക്കി പ്രചരിപ്പിക്കേണ്ടതുമാണ്. ഭരണകൂടങ്ങളും ബന്ധപ്പെട്ട കക്ഷികളും, ചെറുകിട മത്സ്യമേഖലയിൽ പ്രവർത്തി

ക്കുന്നവർക്കായി, ലിംഗ പദവിയെപ്പറ്റിയും, ചെറുകിട മത്സ്യമേഖലയിൽ സ്ത്രീകളുടെ പങ്കിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്നതിനും, സ്ത്രീകളുടെ പദവിയും, തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ എടുക്കേണ്ട ആവശ്യം ഉയർത്തിക്കാട്ടാനും, ആവശ്യമായ പ്രത്യേക സാമഗ്രികൾ വികസിപ്പിക്കേണ്ടതാണ്.

13.4 ഭരണകൂടങ്ങൾ ഈ മാർഗ്ഗനിർദ്ദേശങ്ങളും ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുവാൻ തങ്ങളുടെ സ്ഥാപനങ്ങളെ അനുവദിക്കുന്ന നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ പ്രാധാന്യം അംഗീകരിക്കേണ്ടതുണ്ട്. ദേശീയ ഭക്ഷ്യസുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ കണക്കിലെടുത്ത് മതിയായ ആഹാരത്തിനുള്ള അവകാശം സാക്ഷാത്കരിക്കപ്പെടുന്നതിന്റെ ഫലങ്ങൾ പ്രത്യാഘാത പഠനങ്ങളിലൂടെ മനസ്സിലാക്കേണ്ടതാണ്. ഇത്തരം പഠനങ്ങളുടെയും, നിരീക്ഷണങ്ങളുടെയും ഫലങ്ങൾ നിയമരൂപീകരണത്തിലും, നടപടികൾ എടുക്കുന്നതിലും, പ്രതിഫലിക്കുന്നതുറപ്പാക്കാൻ സംവിധാനങ്ങൾ ഒരുക്കണം. നിരീക്ഷണ പഠനങ്ങളിൽ ലിംഗപദവിയ്ക്ക് പ്രാധാന്യം നൽകേണ്ടതും, ലിംഗപദവിയുമായി ബന്ധപ്പെട്ട സമീപനങ്ങളും സൂചകങ്ങളും അടിസ്ഥാന വിവരങ്ങളും ഉപയോഗിക്കേണ്ടതുമാണ്. ഭരണകൂടങ്ങളും, ബന്ധപ്പെട്ട എല്ലാ കക്ഷികളും ഭക്ഷ്യസുരക്ഷക്കും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായുള്ള സുസ്ഥിര വിഭവ പരിപാലനത്തിൽ ചെറുകിട മത്സ്യമേഖലയുടെ യഥാർത്ഥ സംഭാവന എന്തെന്ന് മനസ്സിലാക്കാനും, രേഖപ്പെടുത്താനും സഹായിക്കുന്ന പങ്കാളിത്ത മൂല്യ നിർണ്ണയ പഠന രീതികൾ ഭരണകൂടവും ബന്ധപ്പെട്ട കക്ഷികളും വികസിപ്പിക്കേണ്ടതാണ്.

13.5 ഭരണകൂടങ്ങൾ വിവിധ മേഖലകൾക്കും, പൗരസമൂഹ സംഘടനകൾക്കും പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ദേശീയതല വേദികൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് മേൽനോട്ടം വഹിക്കുവാനായി ഉചിതമായ രീതിയിൽ രൂപീകരിക്കേണ്ടതുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള തന്ത്രങ്ങൾ രൂപീകരിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും, മേൽനോട്ടം വഹിക്കുന്നതിലും ചെറുകിട മത്സ്യമേഖലാ സമുദായങ്ങളിലെ നിയമാനുസൃതമായ പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതാണ്.

13.6 ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ സഹായിക്കുവാനായി, മേഖലാതല പ്രവർത്തന പദ്ധതികളോടൊപ്പം, ഒരു ആഗോളസഹായ പദ്ധതി രൂപീകരിക്കുവാൻ ലോകഭക്ഷ്യകാർഷിക സംഘടന മുൻപോട്ട് വരണം.

## ഭാഗം — 2

# ഉത്തരവാദിത്വ മത്സ്യബന്ധനവും സുസ്ഥിര വികസനവും

**5. ചെറുകിട മത്സ്യബന്ധന മേഖലയിലും, വിഭവ പരിപാലനത്തിലും ഉള്ള ടെന്വുർ അവകാശവുമായി ബന്ധപ്പെട്ട ഭരണനിർവ്വഹണം.**

5.1 ഇന്നത്തെയും, വരും കാലത്തേയും തലമുറകളുടെ വികസനപരവും പാരിസ്ഥിതികവുമായ ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രകൃതി വിഭവങ്ങളുടെയും, ജലജൈവവൈവിദ്ധ്യത്തിന്റെയും ഉത്തരവാദപരവും, സുസ്ഥിരവുമായ ഉപയോഗം ആവശ്യമാണെന്ന വസ്തുത ഈ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. ചെറുകിട മത്സ്യബന്ധന മേഖലയിലുള്ള സമുദായങ്ങൾക്ക് തങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ സുസ്ഥിതിയുടെയും, ജീവനത്തിന്റെയും, സുസ്ഥിര വികസനത്തിന്റെയും അടിസ്ഥാനഘടകമായ പ്രകൃതി വിഭവങ്ങളുടെ മേൽ അവർക്ക് ഭദ്രമായ ടെന്വുർ അവകാശം ഉണ്ടാകേണ്ടത് ആവശ്യമാണ്. മത്സ്യവിഭവങ്ങളുടേയും, ആവാസ വ്യവസ്ഥകളുടേയും, ഉത്തരവാദപരമായ മേൽനോട്ടം വഴി ലഭിക്കുന്ന ഫലങ്ങളുടെ തുല്യമായ വിതരണം, സ്ത്രീകളും, പുരുഷന്മാരും അടങ്ങിയ ചെറുകിട മീൻപിടുത്തക്കാർക്കും, തൊഴിലാളികൾക്കും, ഗുണപ്രദമായ രീതിയിൽ ഉണ്ടാകേണ്ടതിനെ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പിൻതാങ്ങുന്നു.

5.a. ടെന്വുർ അവകാശത്തിന്റെ ഉത്തരവാദിത്വ ഭരണ നിർവ്വഹണം.

5.2 ഭൂമി, മത്സ്യവിഭവങ്ങൾ, വനം, ഇവയുടെ ടെന്വുർ അവകാശത്തിന്റെ ഉത്തരവാദപരമായ ഭരണനിർവ്വഹണം എന്നത്, മനുഷ്യാവകാശങ്ങൾ, ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിരജീവനം, സാമൂഹ്യസ്ഥിരത, പാർപ്പിട സുരക്ഷ, സാമ്പത്തിക വളർച്ച, ഗ്രാമീണ, സാമൂഹ്യവികസനം എന്നിവയുടെ സാക്ഷാത്കാരത്തിന്റെ കേന്ദ്രബിന്ദുവാണ് എന്ന വസ്തുത എല്ലാവരും അംഗീകരിക്കേണ്ടതുണ്ട്.

5.3 ഭരണകൂടങ്ങൾ അവയുടെ നീതിന്യായ വ്യവസ്ഥയ്ക്കനുസൃതമായി മത്സ്യവിഭവങ്ങളുടേയും, കടലിന്റെയും, ഉൾനാടൻ ജലാശയങ്ങളുടെയും, ചെറുകിട മത്സ്യബന്ധനം നടത്തപ്പെടുന്ന സമുദ്രപ്രദേശത്തിന്റെ അടുത്ത് കിടക്കുന്ന കരപ്രദേശത്തിന്റെയും മേൽ ചെറുകിട മത്സ്യമേഖലയിലെ മീൻ പിടുത്തക്കാർക്കും, മത്സ്യതൊഴിലാളികൾക്കും, അവരുടെ സമുദായങ്ങൾക്കും, ഭദ്രമായതും, തുല്യതയുള്ളതും, സാമൂഹ്യവും സാംസ്കാരികവുമായി അനുയോജ്യമായതും ആയ ടെന്വുർ അവകാശം, സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട്, ഉറപ്പു വരുത്തേണ്ടതാണ്.

5.4 തങ്ങളുടെ നിയമ നിർവഹണ വ്യവസ്ഥയ്ക്കനുസൃതമായി ഭരണകൂടങ്ങളും മറ്റുള്ളവരും ചെറുകിട മത്സ്യബന്ധന സമുദായങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജല പ്രകൃതിവിഭവങ്ങളും, കരഭൂമിയും, ചെറുകിട മത്സ്യബന്ധന പ്രദേശവും അവരുടെ പരമ്പരാഗത അവകാശങ്ങൾ അനുയോജ്യമായ രീതിയിൽ കണക്കിലെടുത്തുകൊണ്ട്, എല്ലാ പ്രകാരത്തിലുമുള്ള ടെന്വുർ അവകാശങ്ങളും, അംഗീകരിക്കുകയും, ബഹുമാനിക്കുകയും, സംരക്ഷിക്കുകയും വേണ്ടതാണ്. ആവശ്യമുള്ളപ്പോൾ വിവിധ പ്രകാരത്തിലുള്ള ന്യായമായ ടെന്വുർ അവകാശങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തേണ്ടതാണ്. ന്യായമായ ടെന്വുർ അവകാശികളെയും അവരുടെ അവകാശങ്ങളെയും, തിരിച്ചറിയുവാനും, രേഖപ്പെടുത്തുവാനും, ബഹുമാനിക്കുവാനും വേണ്ട ഉചിതമായ നടപടികൾ ഭരണകൂടങ്ങൾ കൈക്കൊള്ളേണ്ടതാണ്. നാട്ടുനടപ്പുകളും, രീതികളും ഒപ്പം ന്യൂനപക്ഷവർഗ്ഗങ്ങളോ, ആദിവാസികളോ, ഉൾപ്പെടെയുള്ള ചെറുകിട മീൻപിടുത്ത സമുദായങ്ങൾക്ക് മത്സ്യവിഭവങ്ങളിലേയ്ക്കോ കരയിലേയ്ക്കോ

പ്രവേശിക്കുന്നതിനായി പരമ്പരാഗതമോ, അല്ലാതെയോ ലഭിച്ചിട്ടുള്ള മുൻഗണനകൾ, മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിയമത്തിന് അനുസൃതമായി വേണം അംഗീകരിക്കുവാനും, ബഹുമാനിക്കുവാനും, സംരക്ഷിക്കുവാനും. ആദിവാസികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭാ പ്രഖ്യാപനവും, ദേശീയ അഥവാ വർഗീയ, മത, ഭാഷാപരന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള പ്രഖ്യാപനവും ഉചിതമായ രീതിയിൽ കണക്കിലെടുക്കേണ്ടതാണ്. സ്ത്രീകളുടെ അവകാശങ്ങൾ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഭരണഘടനാപരമോ, നിയമപരമോ ആയ പരിഷ്ക്കാരങ്ങൾ നടത്തുകയും അവ പരമ്പരാഗത സമ്പ്രദായങ്ങൾക്ക് എതിരാകുകയും ചെയ്യുന്ന ഘട്ടങ്ങൾ വന്നാൽ അത്തരം മാറ്റങ്ങളെ പരമ്പരാഗത ടെന്യുർ അവകാശ സമ്പ്രദായങ്ങളിൽ പെടുത്തുവാൻ എല്ലാവരും സഹകരിക്കേണ്ടതാണ്.

5.5 പ്രാദേശിക, ജല തീരപ്രദേശ ആവാസ വ്യവസ്ഥകളുടെ പുനഃസ്ഥാപനം, സംരക്ഷണം, സഹപരിപാലനം എന്നിവയിൽ ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്കും, ആദിവാസികൾക്കും ഉള്ള പങ്കിനെ ഭരണകൂടങ്ങൾ അംഗീകരിക്കേണ്ടതാണ്.

5.6 മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജലവിഭവങ്ങളുടേയും, ഭൂമിയുടേയും മേൽ ഭരണകൂടങ്ങൾക്ക് ഉടമസ്ഥതയോ, നിയന്ത്രണമോ ഉണ്ടെങ്കിൽ ഇത്തരം വിഭവങ്ങളുടെമേലുള്ള അനുഭവ, ടെന്യുർ അവകാശങ്ങൾ സാമൂഹ്യ സാമ്പത്തിക, പാരിസ്ഥിതിക ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വേണം നിർണ്ണയിക്കേണ്ടത്. കൂട്ടായി വിനിയോഗിക്കുന്നതും പരിപാലനം ചെയ്യപ്പെടുന്നതുമായ പ്രത്യേകിച്ചും ചെറുകിടമത്സ്യബന്ധന സമുദായങ്ങൾ അനുഭവിക്കുന്ന പൊതുവിഭവങ്ങൾ വേണ്ട വിധത്തിൽ ഭരണകൂടങ്ങൾ അംഗീകരിക്കുകയും സംരക്ഷിക്കുകയും വേണം.

5.7 പെരുമാറ്റച്ചട്ടത്തിലെ വകുപ്പ് 6.18ന് പരിഗണന നൽകിക്കൊണ്ട് വിവിധ ജനസമൂഹങ്ങൾക്ക്, പ്രത്യേകിച്ചും ദുർബ്ബല വിഭാഗങ്ങൾക്ക് തുല്യമായ ഫലങ്ങൾ ലഭ്യമാക്കുന്നതിനായി ദേശീയ അധികാര പരിധിയിൽ വരുന്ന കടൽ ഉൾപ്പെടെയുള്ള ജലാശയങ്ങളിലെ മത്സ്യങ്ങളെ പിടിക്കുവാൻ ചെറുകിട മീൻപിടുത്തക്കാർക്ക് മുൻഗണനാ പ്രവേശനം അനുയോജ്യമായ രീതിയിൽ ഭരണകൂടങ്ങൾ അനുവദിക്കേണ്ടതാണ്. ചെറുകിട മത്സ്യമേഖലയ്ക്ക് മാത്രമായി വിശേഷാധികാരങ്ങളുള്ള മീൻപിടുത്ത മേഖലകൾ സൃഷ്ടിക്കുന്നതും നടപ്പിൽ വരുത്തുന്നതും ഉൾപ്പെടെയുള്ള പ്രത്യേക നടപടികൾ ഉചിതമായ ഘട്ടങ്ങളിൽ കൈക്കൊള്ളുന്ന കാര്യം ഭരണകൂടങ്ങൾ പരിഗണിക്കേണ്ടതാണ്. മൂന്നാമത് കക്ഷികളുമായോ, രാഷ്ട്രങ്ങളുമായോ വിഭവങ്ങൾ കൈവശപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഉടമ്പടികളിൽ ഏർപ്പെടുന്നതിന് മുൻപ് ചെറുകിട മത്സ്യമേഖലക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

5.8 രാഷ്ട്രീയ ഭക്ഷ്യസുരക്ഷയുടെ സാഹചര്യത്തിൽ "ഭൂമി, മത്സ്യമേഖല, വനങ്ങൾ എന്നിവയിലെ ടെന്യുർ അവകാശങ്ങളുടെ ഉത്തരവാദിത്വ ഭരണനിർവ്വഹണത്തിനായുള്ള സ്വമേധയാ നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പുനഃവിതരണ പരിഷ്ക്കാരങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ ചെറുകിട മത്സ്യമേഖലാസമുദായങ്ങൾക്ക് മത്സ്യവിഭവങ്ങൾ കയ്യടക്കുന്നതിലെ തുല്യത ത്വരിതപ്പെടുത്തുന്നതിനായി ഉചിതമായ രീതിയിൽ ഭരണകൂടങ്ങൾ കൈക്കൊള്ളേണ്ടതാണ്.

5.9 ചെറുകിട മത്സ്യമേഖലാ സമുദായങ്ങളെ അനധികൃതമായി കുടിയൊഴിപ്പിക്കുന്നതോ, അവരുടെ നിയമാനുസൃതമായ അവകാശങ്ങൾ ഇല്ലാതാക്കുന്നതോ, കൈകടത്തപ്പെടുന്നതോ, സംഭവിക്കുന്നില്ല എന്ന് ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. ചെറുകിട മത്സ്യബന്ധന പ്രദേശങ്ങൾക്കുള്ളിൽ മറ്റ് ഉപഭോക്താക്കളിൽ നിന്നുള്ള മത്സരം വർദ്ധിച്ചു വരുന്നു എന്നതും, ചെറുകിട മത്സ്യബന്ധന സമുദായങ്ങൾ പ്രത്യേകിച്ചും ദുർബല പാർശ്വവൽകൃതവിഭാഗങ്ങൾ ആണ് ഇത്തരം മത്സരങ്ങളിലെ അവശവിഭാഗമെന്നും ഭരണകൂടങ്ങൾ മനസ്സിലാക്കേണ്ടതാണ്. മറ്റ് മേഖലകൾവഴിയുള്ള വികസന പ്രവർത്തനങ്ങൾമൂലം അവരുടെ ഉപജീവനത്തിന്

ഭീഷണി ഉണ്ടായാൽ വിശേഷാൽ ഈ സഹായങ്ങൾ ആവശ്യമാണ്.

5.10 ചെറുകിട മത്സ്യമേഖലാ സമുദായങ്ങളെ ബാധിക്കുന്ന തരത്തിലുള്ള വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് പ്രത്യാഘാത പഠനങ്ങൾ വഴി, സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കണക്കിലെടുക്കേണ്ടതും, ദേശീയ നിയമങ്ങൾക്കനുസൃതമായി ഫലപ്രദവും, അർത്ഥപൂർണ്ണവുമായ ആശയ സമ്പർക്ക പരിപാടികൾ ഈ സമുദായങ്ങളുമായി നടത്തേണ്ടതുമാണ്.

5.11 ടെന്യുർ അവകാശവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായുള്ള, കാലികവും, ചെലവ് കുറഞ്ഞതും, ഫലപ്രദവുമായ നിയമാനുസൃത മാർഗ്ഗങ്ങൾ, അത്തരം തർക്കങ്ങൾ പരിഹരിക്കുവാനുള്ള ബദൽ മാർഗ്ഗങ്ങൾ ഉൾപ്പെടെ നിഷ്പക്ഷവും, പ്രാപ്തിയുള്ളതുമായ നീതി ന്യായ, ഭരണകാര്യ സ്ഥാപനങ്ങൾ വഴി ദുർബല പാർശ്വവൽകൃത ജനങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്കും, വ്യക്തികൾക്കും ഭരണകൂടങ്ങൾ പ്രദാനം ചെയ്യേണ്ടതും, അപ്പീലിന് പോകുന്നതുൾപ്പെടെയുള്ള ഫലപ്രദമായ പരിഹാരങ്ങൾ, ഉചിതമായ രീതിയിൽ നൽകേണ്ടതുമാണ്. ഇത്തരം പരിഹാരങ്ങൾ ദേശീയ നിയമ വ്യവസ്ഥയ്ക്കനുസരിച്ച് യഥാസമയം നടപ്പിലാക്കേണ്ടതുമാകുന്നു. പുനസ്ഥാപനം (Restitution) നഷ്ടപരിഹാരജാമ്യം (Indemnity) നീതിയുക്തമായ നഷ്ടപരിഹാരം (Just Compensation) കഷ്ടനഷ്ടങ്ങൾക്ക് പണം നൽകൽ (Reparation) തുടങ്ങിയവ ഇത്തരം പരിഹാരങ്ങളിൽ ഉൾപ്പെടുത്താവുന്നവയാണ്.

5.12 പ്രകൃതി ദുരന്തങ്ങൾ വഴിയോ, കലാപങ്ങൾ വഴിയോ, നിഷ്കാസിതരാകുന്ന ചെറുകിട മത്സ്യബന്ധന മേഖലാ സമുദായങ്ങൾക്ക് അവരുടെ പരമ്പരാഗത മീനിടങ്ങളിലേക്കും, തീരഭൂമികളിലേക്കും പ്രവേശനം എന്നത് മത്സ്യവിഭവങ്ങളുടെ സുസ്ഥിരത പരിഗണിച്ചുകൊണ്ട്, പുനഃസാദ്ധ്യമാക്കുവാൻ ഭരണകൂടങ്ങൾ പരിശ്രമിക്കേണ്ടതാണ്. രൂക്ഷമായ മനുഷ്യാവകാശ ധ്വംസനങ്ങൾ നേരിടുന്ന ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾക്ക് അവരുടെ ജീവിതവും, ജീവനോപാധികളും പുനഃസൃഷ്ടിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഭരണകൂടങ്ങൾ സ്ഥാപിക്കേണ്ടതാണ്. അത്തരം നടപടികളിൽ ടെന്യുർ അവകാശവുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിവേചനം ഉണ്ടായാൽ അവ ഉൻമൂലനം ചെയ്യാനുള്ള കാര്യങ്ങളും ഉൾപ്പെടുത്തിയിരിക്കണം.

## 5.b സുസ്ഥിര വിഭവ പരിപാലനം

5.13 ഭരണകൂടങ്ങളും മത്സ്യമേഖലാ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മത്സ്യവിഭവങ്ങളുടെ ദീർഘകാല സംരക്ഷണത്തിനും സുസ്ഥിര വിനിയോഗത്തിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും ഭക്ഷ്യോത്പാദനത്തിന്റെ പാരിസ്ഥിതിക അടിത്തറ ഉറപ്പാക്കേണ്ടതുമാണ്. ദേശീയ അന്തർദേശീയ നിയമങ്ങൾക്കും പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള സന്നദ്ധ ചുമതലകൾക്കും അനുസൃതമായി ചെറുകിട മത്സ്യ മേഖലയിലെ ആവശ്യങ്ങൾക്കും, അവസരങ്ങൾക്കും വേണ്ട പരിഗണന നൽകുന്ന ഉചിതമായ പരിപാലന സംവിധാനങ്ങൾ അവർ ആരംഭിക്കേണ്ടതാണ്.

5.14 അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും ഒന്നിച്ചു സംഭവിക്കേണ്ടതാണെന്ന കാര്യം എല്ലാവരും അംഗീകരിക്കേണ്ടതുണ്ട്. ടെന്യുർ അവകാശങ്ങൾ ഉത്തരവാദിത്വങ്ങളാൽ സമതുലിതമാക്കപ്പെട്ടിരിക്കുന്നതും, വിഭവങ്ങളുടെ ദീർഘകാല സംരക്ഷണത്തിനെയും, സുസ്ഥിര വിനിയോഗത്തിനെയും ഭക്ഷ്യോത്പാദനത്തിന്റെ പാരിസ്ഥിതികശാസ്ത്രപരമായ അടിത്തറ നിലനിർത്തുന്നതിനെയും സഹായിക്കുന്നതും ആണ്. ജലപരിസ്ഥിതിക്കും, ബന്ധപ്പെട്ട ജീവിവർഗ്ഗങ്ങൾക്കും കുറഞ്ഞയളവിൽ മാത്രം ദോഷം ഉണ്ടാക്കുന്നതും വിഭവങ്ങളുടെ സുസ്ഥിരതയെ പിൻതാങ്ങുന്നതുമായ മത്സ്യബന്ധന രീതികൾ വേണം ചെറുകിട മത്സ്യമേഖല ഉപയോഗിക്കേണ്ടത്.

5.15 തങ്ങളുടെ സുസ്ഥിതിക്കായി ആശ്രയിക്കുന്നതും ഉപജീവനത്തിനായി പരമ്പരാഗതമായി ഉപയോഗിക്കപ്പെടുന്നതുമായ വിഭവങ്ങളുടെ പരിപാലനത്തിൽ, അവരുടെ ന്യായമായ ടെന്യുർ അവകാശങ്ങളും വ്യവസ്ഥകളും

പരിഗണിച്ചുകൊണ്ട് ചെറുകിട മത്സ്യബന്ധന സമുദായങ്ങളെ പങ്കെടുപ്പിക്കാനും, ഉത്തര വാദിത്വം ഏറ്റെടുക്കുവാനും ഭരണകൂടങ്ങൾ പ്രേരിപ്പിക്കുകയും, പരിശീലിപ്പിക്കുകയും, സഹായിക്കുകയും വേണ്ടതാണ്. തദനുസൃ തമായി, അവരുടെ ജീവനോപാധികളെ ബാധിക്കുന്ന, സംരക്ഷിത മേഖലകൾ ഉൾപ്പെ ടെയുള്ള പരിപാലന നടപടികളുടെ നിർമ്മാ ണം, ആസൂത്രണം, യോജ്യമായ രീതിയി ലുള്ള നടപ്പിൽ വരുത്തൽ എന്നീ കാര്യങ്ങ ളിൽ, സ്ത്രീകളുടെയും, ദുർബലപാർശ്വ വൽകൃത വിഭാഗങ്ങളുടെയും തുല്യ പങ്കാളി ത്തത്തിന് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് ചെറുകിട മത്സ്യബന്ധന സമുദായങ്ങളെ ഭര ണകൂടങ്ങൾ ഭാഗഭാക്കുകളാക്കേണ്ടതാണ്. സഹപരിപാലനം ഉൾപ്പെടെയുള്ള പങ്കാളിത്ത പരിപാലന സംവിധാനങ്ങൾ ദേശീയ നിയമ ങ്ങൾക്കനുസൃതമായി പ്രോത്സാഹിക്കപ്പെടേ ണ്ടതാണ്.

5.16 ഭരണകൂടങ്ങൾ, മത്സ്യബന്ധന നിരീക്ഷണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പ് വരുത്തുകയോ, ചെറുകിട മത്സ്യബന്ധ നമേഖലയ്ക്ക് യോഗ്യമായ രീതിയിൽ നിലവി ലുള്ളവ പ്രയോഗിക്കുന്നത് പ്രോത്സാഹിപ്പി ക്കുകയോ വേണ്ടതാണ്. ചെറുകിട മത്സ്യമേ ഖലയിൽ പ്രവർത്തിക്കുന്നവർക്ക് യോജ്യ മായ രീതിയിൽ പങ്കാളിത്തം നൽകിയും, സഹപരിപാലനത്തിന്റെ സാഹചര്യത്തിലുള്ള പങ്കാളിത്ത ഏർപ്പാടുകൾക്ക് പ്രോത്സാഹനം നൽകിയും ഇത്തരം സംവിധാനങ്ങൾക്ക് ഭര ണകൂടങ്ങൾ സഹായം നൽകണം. സമുദ്ര, ഉൾനാടൻ ജല ആവാസവ്യവസ്ഥകളിൽ പ്രതികൂലഫലങ്ങൾ ഉളവാക്കുന്ന നിയമാനു സൃതമല്ലാത്തതും ഹാനികരവുമായ എല്ലാ ത്തരം മത്സ്യബന്ധന രീതികളും നിരുൽസാഹപ്പെടുത്തുന്നതിനും, പ്രതിരോ ധിക്കുന്നതിനും, ഉൻമൂലനം ചെയ്യുന്നതിനും ഫലപ്രദമായ നിരീക്ഷണ, നടപ്പിലാക്കൽ സംവിധാനങ്ങൾ ഭരണകൂടങ്ങൾ ഉറപ്പ് വരു ത്തേണ്ടതാണ്. മത്സ്യബന്ധന പ്രക്രിയയുടെ രജിസ്ട്രേഷൻ നടപടികൾ ശക്തിപ്പെടുത്തു വാൻ വേണ്ട ശ്രമങ്ങൾ ഭരണകൂടങ്ങൾ നട ത്തേണ്ടതുണ്ട്. ചെറുകിട മീൻപിടുത്തക്കാർ, നിരീക്ഷണ നിയന്ത്രണ സംവിധാനങ്ങളെ പിൻതാങ്ങുകയും, മത്സ്യമേഖലാ പരിപാലന ത്തിനാവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകുകയും വേണം.

5.17 സഹപരിപാലന സംവിധാനങ്ങളിൽ പങ്കാളി കളാകുന്നവരുടെ ധർമ്മവും ഉത്തരവാദിത്വ ങ്ങളും, പങ്കാളിത്തപരവും, നിയമാനുസൃത വുമായ ഒരു പ്രക്രിയ വഴി വ്യക്തമാക്കപ്പെ ടേണ്ടതും, സമ്മതിക്കപ്പെടേണ്ടതുമാണ്. അങ്ങിനെ സമ്മതിക്കപ്പെടുന്ന പരിപാലന ധർമ്മങ്ങൾ ഏറ്റെടുക്കുവാൻ എല്ലാവരും ബാധ്യസ്ഥരാണ്. ബന്ധപ്പെട്ട പ്രാദേശിക, ദേശീയ സംഘടനകളിൽ ചെറുകിട മത്സ്യമേ ഖലയ്ക്ക് പ്രാതിനിധ്യം ലഭിക്കുന്നത് ഉറപ്പ് വരുത്തുവാനും, തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിലും, നയരൂപീകരണ പ്രക്രിയക ളിലും സജീവമായി പങ്കെടുക്കുവാനും വേണ്ട എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.

5.18. ഭരണകൂടങ്ങളും, ചെറുകിട മത്സ്യ മേഖല യിൽ പ്രവർത്തിക്കുന്നവരും, സഹപരിപാലന ത്തിലും, ഉത്തരവാദിത്വ മത്സ്യബന്ധനത്തിന്റെ പ്രോത്സാഹനത്തിനും, മീൻപിടുത്തം, മത്സ്യ സംസ്കരണം എന്നിവയിൽ ഏർപ്പെടുന്ന പുരുഷന്മാരുടേയും, സ്ത്രീകളുടേയും, പങ്കാളിത്തം, അവരുടെ സവിശേഷമായ അറിവും, വീക്ഷണങ്ങളും, ആവശ്യങ്ങളും പങ്കിടുന്ന തരത്തിൽ പ്രോത്സാഹിപ്പിക്കു കയും പിൻതാങ്ങുകയും വേണ്ടതാണ്.

5.19 രാജ്യാതിർത്തികളുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങൾ (ഉദാ; പങ്ക്‌വെക്കുന്ന സമുദ്രങ്ങളും, മത്സ്യവിഭവങ്ങളും) ഉള്ള സാഹചര്യങ്ങളിൽ, ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്ക് നൽകപ്പെട്ട ടെന്യൂർ അവകാശങ്ങൾ ഉറപ്പാ ക്കുന്നതിനായി ഭരണകൂടങ്ങൾ യോജിച്ച് പ്രവർത്തിക്കേണ്ടതാണ്.

5.20 മത്സ്യബന്ധനത്തിലെ അമിത ശക്തിയിലേ ക്കും, തദ്വാര, ചെറുകിടമത്സ്യമേഖലയിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന അമിത മത്സ്യ ബന്ധനത്തിലേക്കും നയിക്കുന്ന നയപരവും, ധനപരവുമായ നടപടികൾ, ഭരണകൂടങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 6. സാമൂഹ്യവികസനം, തൊഴിൽ, മാന്യമായ ജോലി

6.1 ചെറുകിട മത്സ്യമേഖലാ പരിപാലനത്തിനാ

യുള്ള സമഗ്രവും, ആവാസവ്യവസ്ഥാധിഷ്ഠിതവുമായ സമീപനങ്ങളും, ജീവനോപാധികളുടെ സങ്കീർണ്ണത കണക്കിലെടുക്കുന്ന വികസനവും വേണം എല്ലാവരും പരിഗണിക്കേണ്ടത്. ചെറുകിട മത്സ്യബന്ധന സമുദായങ്ങൾ ശാക്തീകരിക്കപ്പെടുന്നുവെന്നും അവരുടെ മനുഷ്യാവകാശങ്ങൾ അവർക്ക് ലഭിക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നതിനായി, സാമൂഹ്യ സാമ്പത്തിക വികസനത്തിൽ അനുഗുണമായ ശ്രദ്ധ നൽകേണ്ടതുണ്ട്.

6.2 ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, വിവരസാങ്കേതികവിദ്യ തുടങ്ങിയവയുമായി ബന്ധപ്പെട്ട മനുഷ്യവിഭവവികസനത്തിലും, മത്സ്യവിഭവങ്ങളുടെ മൂല്യവർദ്ധനവിന് സഹായിക്കുന്ന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും ബോധവൽക്കരണ പരിപാടികളിലും മുതൽ മുടക്ക് നടത്തുന്നത് ഭരണകൂടങ്ങൾ പ്രോത്സാഹിപ്പിക്കണം. മതിയായ പാർപ്പിട സൗകര്യങ്ങൾ, സുരക്ഷിതമായ ശുചീകരണ സംവിധാനങ്ങൾ, സുരക്ഷിതമായ കുടിവെള്ള സംവിധാനങ്ങൾ, ഊർജ്ജ സ്രോതസ്സുകൾ എന്നിവയുൾപ്പെടെയുള്ള അത്യാവശ്യ സേവനങ്ങളും, നേരത്തേ പറഞ്ഞ മനുഷ്യവിഭവങ്ങളും, ചെറുകിട മത്സ്യമേഖലാ സമുദായത്തിലെ അംഗങ്ങൾക്ക് താങ്ങാവുന്നതരത്തിൽ ലഭ്യമാക്കുന്നതിനായി ദേശീയ, ഉപദേശീയ പ്രവർത്തനങ്ങൾക്കായി വേണ്ട നടപടികൾ ഭരണകൂടങ്ങൾ പുരോഗമനാത്മകമായി എടുക്കേണ്ടതാണ്. സ്ത്രീകൾ, ആദിവാസികൾ, ദുർബല പാർശ്വവൽകൃത സമൂഹങ്ങൾ എന്നിവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിലും, വിവേചനം ഒഴിവാക്കുന്നതിലും, മറ്റ് മനുഷ്യാവകാശങ്ങൾക്ക് വഴിയൊരുക്കുന്നതിലും, നേട്ടങ്ങളിലെ തുല്യത ഉറപ്പാക്കുന്നതിനായി ഉചിതമായ രീതിയിൽ പ്രത്യേക പരിഗണന നൽകപ്പെടേണ്ടതും, പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്.

6.3 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്നവരുടെ സാമൂഹ്യസുരക്ഷ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചെറുകിട മത്സ്യബന്ധന മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുക്കേണ്ടതും സുരക്ഷാവ്യവസ്ഥകൾ മൊത്തം മൂല്യശ്രേണിയിൽ നടപ്പിലാക്കേണ്ടതുമാണ്.

6.4 ഭരണകൂടങ്ങൾ ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾക്ക് അനുയോജ്യമായ മറ്റ് സേവനങ്ങളുടെ, ഉദാഹരണത്തിന് സമ്പാദ്യം, കടമെടുക്കൽ, ഇൻഷുറൻസ്, എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണവും, ലഭ്യമാക്കലും, സ്ത്രീകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

6.5 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യബന്ധനമേഖലയിലെ മൂല്യശ്രേണിയിൽ ഉൾപ്പെട്ട മത്സ്യബന്ധനത്തിന് മുൻപും, പിൻപും ഉള്ളവയും, കരയിലോ വെള്ളത്തിലോ ചെയ്യുന്നതും സ്ത്രീകളും പുരുഷന്മാരും ചെയ്യുന്നതുമായ സകല പ്രവൃത്തികളും സാമ്പത്തിക–തൊഴിൽപര പ്രവർത്തനങ്ങളായി ഗണിക്കേണ്ടതാണ്. അർദ്ധസമയത്തായി ചെയ്യുന്നവ, വല്ലപ്പോഴും ചെയ്യുന്നവ, ഉപജീവനത്തിനായി ചെയ്യുന്നവ എന്നിങ്ങനെയുള്ള എല്ലാ പ്രവൃത്തികളും പരിഗണിക്കപ്പെടേണ്ടതാണ്. ചെറുകിട മത്സ്യബന്ധന മേഖലയിലെ മത്സ്യസംസ്കരണ രംഗത്ത് തൊഴിലെടുക്കുന്ന ദുർബല വിഭാഗങ്ങൾക്കും, സ്ത്രീകൾക്കുമുള്ള തൊഴിൽപരവും സംഘടനാപരവുമായ അവസരങ്ങൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്.

6.6 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യബന്ധന മേഖലയിലെ ഔദ്യോഗികവും, അനൗദ്യോഗികവുമായ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന സകലർക്കും മാന്യമായ തൊഴിൽ ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഭരണകൂടങ്ങൾ ദേശീയനിയമങ്ങൾക്കനുസൃതമായി മത്സ്യബന്ധനമേഖലയിൽ സുസ്ഥിരത ഉറപ്പാക്കുന്നതിലേക്ക് ഔദ്യോഗിക അനൗദ്യോഗിക മേഖലകളിലെ പ്രവൃത്തികൾ പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ വേണ്ട ഉചിതമായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

6.7 ഭരണകൂടങ്ങൾ ചെറുകിട മത്സ്യബന്ധനക്കാർക്കും, തൊഴിലാളികൾക്കും തൃപ്തികരമായ ജീവിത നിലവാരം, ദേശീയ, അന്തർദേശീയ മനുഷ്യാവകാശ മാനദണ്ഡങ്ങൾക്കനുസരിച്ച് തൊഴിൽ എന്നിവയ്ക്കായുള്ള അവകാശങ്ങളുടെ പുരോഗമനപരമായ സാക്ഷാത്കാരത്തിനായി നടപടികൾ എടുക്കേണ്ടതാ

ണ്. ഭരണകൂടങ്ങൾ ചെറുകിട മത്സ്യബന്ധന സമുദായങ്ങളുടെ സുസ്ഥിര വികസനത്തിന് പ്രചോദനാത്മകമായ ഒരു പരിസരം സൃഷ്ടിക്കേണ്ടതാണ്. ഭരണകൂടങ്ങൾ, ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്കും, മറ്റ് ഭക്ഷ്യോത്പാദകർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും, അവരുടെ അദ്ധ്വാനം, മൂലധനം, പരിപാലനം എന്നിവ വഴി ന്യായമായ വരുമാനം ലഭിക്കുന്നതിനും ആവശ്യമായ, സമുദ്ര, ശുദ്ധജല, തീരദേശ സ്ഥലങ്ങളുടെ വിനിയോഗവുമായി ബന്ധപ്പെട്ട സമഗ്രവും വിവേചന രഹിതവും, അർത്ഥപൂർണ്ണവുമായ സാമ്പത്തിക നയങ്ങൾ രൂപീകരിക്കേണ്ടതാണ്.

6.8. ഭരണ കൂടങ്ങളും ബന്ധപ്പെട്ട മറ്റുള്ളവരും, ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്ക് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനത്തിന് പുറമേ, വിഭവങ്ങളുടെ സുസ്ഥിര വിനിയോഗവും, ജീവനോപാധികളുടെ വൈവിധ്യവൽക്കരണവും ലാക്കാക്കി, നിലവിലുള്ള ബദൽ വരുമാനമാർഗ്ഗങ്ങളെ സഹായിക്കുകയും, അനുപൂരകങ്ങളായ ബദൽ വരുമാനമാർഗ്ഗങ്ങൾ വികസിപ്പിക്കുകയും വേണ്ടതാണ്. പ്രാദേശിക സാമ്പത്തിക വ്യവസ്ഥയിലും, ദേശീയ സാമ്പത്തിക വ്യവസ്ഥയുമായുള്ള ബന്ധങ്ങളിലും ചെറുകിട മത്സ്യമേഖലയുടെ പങ്ക് പരിഗണിക്കപ്പെടേണ്ടതും അതിൽനിന്ന് നേട്ടങ്ങൾ എടുക്കേണ്ടതുമാണ്. സാമുദായികാടിസ്ഥാനത്തിലുള്ള വിനോദസഞ്ചാരം, ഉത്തരവാദപരമായ ചെറുകിട മത്സ്യകൃഷി എന്നീ വികസന പ്രവർത്തനങ്ങളിൽനിന്ന് ചെറുകിട മത്സ്യമേഖലയിലെ സമുദായങ്ങൾ വിവേചനരഹിതമായ നേട്ടങ്ങൾ കൈവരിക്കേണ്ടതാണ്.

6.9 ചെറുകിട മത്സ്യമേഖലാ സമുദായങ്ങളിലെ സ്ത്രീകൾക്കും, പുരുഷന്മാർക്കും മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുവാനായി കുറ്റകരമായ പ്രവർത്തനങ്ങൾ, അക്രമം, ലഹള, സംഘടിതമായ രീതിയിൽ നടത്തപ്പെടുന്ന കുറ്റങ്ങൾ, കടൽകൊള്ള, മോഷണം, ലൈംഗികാതിക്രമം, അഴിമതി, ഔദ്യോഗികപദവിയുടെ ദുരുപയോഗം എന്നിവയിൽനിന്ന് മുക്തമായ ഒരു അന്തരീക്ഷം എല്ലാ കക്ഷികളും സൃഷ്ടിക്കേണ്ടതാണ്. ചെറുകിട മത്സ്യമേഖലയിലെ കലാപങ്ങൾ ഉന്മൂലനം ചെയ്യുവാനും, അത്തരം കലാപങ്ങളിൽപ്പെട്ടുപോകുന്ന സ്ത്രീകളെ സംരക്ഷിക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളുവാൻ എല്ലാ കക്ഷികളും നടപടികൾ എടുക്കേണ്ടതാണ്. സാമുദായിക ലഹളയുടേയോ, ഗാർഹിക പീഡനത്തിന്റേയോ ഇരകളായി മാറുന്നവർക്ക് വേണ്ട നിയമപരമായ നീതി ലഭ്യമാക്കപ്പെടുന്നുവെന്ന് ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

6.10 ഭരണകൂടങ്ങളും, പരമ്പരാഗതവും, സാമ്പ്രദായികവുമായ അധികാരികൾ ഉൾപ്പെടെയുള്ള ചെറുകിട മത്സ്യമേഖലയിലെ മറ്റുള്ളവരും, തൊഴിൽ തേടിയുള്ള ദേശാന്തരഗമനം ഒരു സമകാലീന യാഥാർത്ഥ്യമാണ് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ചെറുകിട മത്സ്യബന്ധനമേഖലയിലെ പ്രവാസികളായ മീൻപിടുത്തക്കാരുടെയും തൊഴിലാളികളുടെയും പങ്ക് മനസ്സിലാക്കുകയും, പരിഗണിക്കുകയും മാനിക്കുകയും വേണം. ഭരണകൂടങ്ങളും ബന്ധപ്പെട്ട മറ്റുള്ളവരും മത്സ്യവിഭവങ്ങൾ സുസ്ഥിരമായി ഉപയോഗിക്കുന്നതും, ചെറുകിട മത്സ്യമേഖലയിൽ നിയമാനുസൃതമായി ഏർപ്പെടുത്തപ്പെട്ട സഹപരിപാലന സംവിധാനങ്ങൾ തകിടം മറിക്കാത്തവരുമായ പ്രവാസികളെ നീതിപൂർവ്വമായ രീതിയിൽ ഉദ്ഗ്രഥിക്കുന്നതിനാവശ്യമായ ചട്ടക്കൂടുകൾ സൃഷ്ടിക്കുന്നതിനായി സഹകരിക്കേണ്ടതാണ്. ദേശീയ അതിർത്തികൾ കടന്ന് മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന ചെറുകിട മീൻപിടുത്തക്കാരുടെ കാര്യങ്ങൾ സംയോജിതമായി മേൽനോട്ടം നടത്തേണ്ടതിന്റെ പ്രാധാന്യം ഭരണകൂടങ്ങൾ അംഗീകരിക്കേണ്ടതാണ്. നയങ്ങളും പരിപാലന നടപടികളും രൂപീകരിക്കുമ്പോൾ ചെറുകിട മത്സ്യമേഖലയിലെ സംഘടനകളും സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തേണ്ടതാണ്.

6.11 ഭരണകൂടങ്ങൾ, ദേശീയ അതിർത്തികൾവിട്ട് മീൻപിടുത്തം നടത്തുന്നതിന്റെ അടിസ്ഥാനപരമായ കാരണങ്ങളും, പ്രത്യാഘാതങ്ങളും അഭിമുഖീകരിക്കുകയും, അവ ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിരതയെ എങ്ങിനെ ബാധിക്കുന്നു എന്ന് പഠിക്കേണ്ടതിന്റെ

പ്രാധാന്യം മനസ്സിലാക്കുകയും വേണം.

6.12 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയിലെ എല്ലാ മീൻപിടുത്തക്കാരുടേയും, തൊഴിലാളികളുടേയും തൊഴിൽപരമായ ആരോഗ്യ പ്രശ്നങ്ങളും, തൊഴിൽരംഗത്തെ അസമത്വങ്ങളും, ആവശ്യമായ നിയമ വ്യവസ്ഥ നടപ്പിലാക്കിക്കൊണ്ട് ഉറപ്പുവരുത്തേണ്ടതും,ദേശീയ നിയമങ്ങൾക്കും, അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങൾക്കും (സാമ്പത്തിക സാമൂഹ്യ സാംസ്ക്കാരിക അവകാശങ്ങളെ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടി (ICESCR), അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ പ്രസക്തമായ ഉടമ്പടികൾ തുടങ്ങിയവ) അനുസൃതമായി നടപ്പിൽ വരുത്തേണ്ടതാണ്. തൊഴിലുമായി ബന്ധപ്പെട്ട സ്വാസ്ഥ്യവും, സുരക്ഷയും മത്സ്യമേഖലാപരിപാലനത്തിന്റെയും, വികസനത്തിന്റെയും അഭേദ്യമായ ഒരു ഘടകമാണെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ കക്ഷികളും പരിശ്രമിക്കേണ്ടതാണ്.

6.13 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയുൾപ്പെടെയുള്ള മത്സ്യമേഖലയിൽ നിലനിൽക്കുന്ന നിർബ്ബന്ധിത തൊഴിൽ രീതികൾ പൂർണ്ണമായി ഒഴിവാക്കുന്നതിനായി നിർബ്ബന്ധിത തൊഴിൽ രീതികൾ ഉന്മൂലനം ചെയ്യുകയും, സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവർ കടക്കെണിയിൽ പെട്ട് അടിമപ്പണി എടുക്കേണ്ടിവരുന്നത്  തടയുകയും, പ്രവാസികൾ ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമായി വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

6.14 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതും, ആൺകുട്ടികൾ, പെൺകുട്ടികൾ, യുവാക്കൾ, യുവതികൾ എന്നിവരുടെ തൊഴിൽ അഭിരുചികൾ കണക്കിലെടുത്ത്, മാന്യവും, സാമ്പത്തികനേട്ടം ഉള്ളതുമായ തൊഴിലുകൾ തുല്യ അവസരങ്ങളോടെ പ്രദാനം ചെയ്യുന്നതുമായ വിദ്യാഭ്യാസ സംവിധാനങ്ങൾ കൊണ്ടുവരേണ്ടതാണ്.

6.15 ചെറുകിട മത്സ്യമേഖലയിലുള്ളവർ, കുട്ടികളുടേയും തദ്വാരാ സമുദായത്തിന്റെ മുഴുവനും ഭാവി ശോഭനമാക്കുന്നതിനായി കുട്ടികളുടെ ആരോഗ്യത്തിന്റെയും, വിദ്യാഭ്യാസത്തിന്റേയും പ്രാധാന്യം അംഗീകരിക്കേണ്ടതാണ്. എല്ലാ കുട്ടികളും വിദ്യാലയങ്ങളിൽ പോകേണ്ടതും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയ്ക്കനുസൃതമായി അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും എല്ലാത്തരം അതിക്രമങ്ങളിൽനിന്നും അവരെ രക്ഷിക്കേണ്ടതുമാകുന്നു.

6.16 സമുദ്രസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ചൂഴ്ന്നു നില്ക്കുന്ന സങ്കീർണ്ണതകളും, സുരക്ഷാ ദാരിദ്ര്യത്തിന്റെ പിന്നിലെ കാരണങ്ങളുടെ ബാഹുല്യവും എല്ലാ കക്ഷികളും മനസ്സിലാക്കേണ്ടതാണ്. ഇത് എല്ലാത്തരം മത്സ്യബന്ധന പ്രവർത്തനങ്ങൾക്കും ബാധകമാണ്. ചെറുകിട സമുദ്ര മത്സ്യ മേഖലയിലെ സമുദ്ര സുരക്ഷയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര മാർഗ്ഗ നിർദ്ദേശങ്ങൾക്ക് (FAO, IMO, ILO തുടങ്ങിയവ) അനുസൃതമായുള്ള ദേശീയ നിയമങ്ങളുടേയും, നിയന്ത്രണങ്ങളുടേയും, നിർമ്മാണം, നിയമ സാധൂകരണം, നടപ്പിലാക്കൽ എന്നീ പ്രക്രിയകൾ ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

6.17 തൊഴിൽപരമായ ആരോഗ്യവും സുരക്ഷിതത്വവും കൂടി ഉൾപ്പെടുത്തി സമുദ്രസുരക്ഷ മെച്ചപ്പെടുത്തുവാൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം ചെറുകിട മീൻപിടുത്തക്കാരെ പങ്കാളികളാക്കിക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതും, നടപ്പിൽ വരുത്തുന്നതുമാണെന്ന് ഭരണകൂടങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. മത്സ്യമേഖലയുടെ പൊതുവായ പരിപാലനത്തിൽ ചെറുകിട മീൻപിടുത്തക്കാരുടെ സമുദ്ര സുരക്ഷകൂടി സമഗ്രമായി ഉൾപ്പെടുത്തേണ്ടതാണ്. കടലിൽ ഉണ്ടാകുന്ന അപകടങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ദേശീയതലത്തിൽ ശേഖരിക്കൽ, സമുദ്രസുരക്ഷയെപ്പറ്റി ബോധവൽക്കരണം സംഘടിപ്പിക്കൽ, ചെറുകിട മത്സ്യബന്ധന മേഖലയിൽ സമുദ്ര സുരക്ഷയുമായി ബന്ധപ്പെട്ട നിയമനിർമ്മാണം എന്നിവക്ക് ഭരണകൂടങ്ങൾ പ്രോത്സാഹനം നൽകണം. നിയമങ്ങൾ അനുസരിക്കൽ, വിവരശേഖരണം, പരിശീലന ബോധവൽക്കരണ പരിപാടികൾ, അപകടത്തിൽപെട്ടവരെ രക്ഷിക്കലും, കണ്ടെത്താനുള്ള  ശ്രമങ്ങളും എന്നിവ

യ്ക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും, സാമുദായിക സംഘടനകളുടേയും പങ്ക് അംഗീകരിക്കപ്പെടേണ്ടതുണ്ട്. അപകടത്തിൽപെടുന്ന ചെറുകിട മത്സ്യബന്ധനയാനങ്ങളെ രക്ഷിക്കുന്നതിനാവശ്യമായ വിവരങ്ങളും, സ്ഥാനനിർണ്ണയത്തിനുള്ള അടിയന്തിര സംവിധാനങ്ങളും ലഭ്യമാക്കുന്ന പ്രക്രിയകൾ ഭരണകൂടങ്ങൾ പ്രോത്സാഹിപ്പിക്കണം.

6.18 ദേശീയ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഭൂമി, മത്സ്യബന്ധനം, വനങ്ങൾ, എന്നിവയിലെ ടെന്യുർ അവകാശങ്ങൾ ഉത്തരവാദിത്വപരമായ ഭരണനിർവ്വണത്തിനായുള്ള സ്വമേധയാ നടപ്പാക്കേണ്ട നിർദ്ദേശങ്ങളിലെ 25–ാം വകുപ്പ് ഉൾപ്പെടെയുള്ളവ കണക്കിലെടുത്തുകൊണ്ട് പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നതിനും, പരമ്പരാഗതമായ സമുദ്രമേഖലകളിൽ പണിയെടുക്കുന്നതിനും, അവരുടെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും അനുമതി നൽകുന്ന അന്താരാഷ്ട്ര മാനവിക നിയമങ്ങൾ കണക്കിലെടുത്തുകൊണ്ട്, സായുധ കലാപങ്ങളിൽ പെടുന്ന ചെറുകിട മീൻപിടുത്തക്കാരുടെയും, അനുബന്ധതൊഴിലാളികളുടേയും, മനുഷ്യാവകാശങ്ങളും മാന്യതയും എല്ലാ കക്ഷികളും സംരക്ഷിക്കേണ്ടതുണ്ട്. അവരെ ബാധിക്കുന്ന തീരുമാനമെടുക്കന്ന പ്രക്രിയകളിൽ അവരുടെ സജീവ പങ്കാളിത്തം പ്രോത്സാഹിക്കപ്പെടേണ്ടതുണ്ട്.

## 7. മൂല്യശ്രേണികൾ, മത്സ്യസംസ്കരണം, വാണിജ്യം

7.1 മത്സ്യമൂല്യശ്രേണിയിൽ ചെറുകിട മത്സ്യമേഖലയിലെ മത്സ്യസംസ്കരണവും അതിലൂടെ ഉപജീവനം നടത്തുന്നവരും വഹിക്കുന്ന മർമ്മ പ്രധാനമായ പങ്ക് എല്ലാ കക്ഷികളും അംഗീകരിക്കേണ്ടതാണ്. മൂല്യശ്രേണിയിൽ തൊഴിൽപരമായ അസമത്വങ്ങൾ ചിലപ്പോൾ ഉണ്ടാകാം എന്നതും, ദുർബല പാർശ്വവൽകൃത വിഭാഗങ്ങൾക്ക് പ്രത്യേക സഹായങ്ങൾ ആവശ്യമായേക്കും എന്നതും കണക്കിലെടുത്തുകൊണ്ട് മത്സ്യസംസ്കരണ മേഖലയിലെ എല്ലാവരും ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ പങ്കാളികളാകുന്നു എന്ന കാര്യം എല്ലാ കക്ഷികളും ഉറപ്പ് വരുത്തേണ്ടതാണ്.

7.2 എല്ലാ തൽപരകക്ഷികളും മത്സ്യ സംസ്കരണ മേഖലയിൽ സ്ത്രീകൾ മിക്കപ്പോഴും വഹിക്കുന്ന പങ്ക് അംഗീകരിക്കേണ്ടതും, അവരുടെ തൊഴിൽ പങ്കാളിത്തം ഉത്തേജിപ്പിക്കുന്നതിനായി ഉചിതമായ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. മത്സ്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ഉപജീവനം നിലനിർത്തുന്നതിനും, വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളും, സേവനങ്ങളും, അവർക്ക് ലഭ്യമാകുന്നു എന്ന് ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്.

7.3 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയിലെ മത്സ്യ സംസ്കരണ രംഗത്തുനിന്ന് ഗുണമേന്മയുള്ളതും, സുരക്ഷിതവുമായ മത്സ്യവും, മത്സ്യ ഉൽപ്പന്നങ്ങളും, ദേശീയ അന്താരാഷ്ട്ര കമ്പോളങ്ങൾ ലക്ഷ്യമാക്കി ഉത്തരവാദപരവും, സുസ്ഥിരവുമായ രീതിയിൽ നിർവഹിക്കുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സംവിധാനങ്ങൾ, ശാക്തീകരണ മാർഗ്ഗങ്ങൾ, എന്നിവയിലുള്ള നിക്ഷേപങ്ങൾ പരിപോഷിപ്പിക്കാനും, പ്രദാനം ചെയ്യുവാനും, സാധ്യമാക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7.4 ഭരണകൂടങ്ങളും വികസന പങ്കാളികളും ദേശീയ നിയമ വ്യവസ്ഥയ്ക്കനുസൃതമായി വരുമാനവും, തൊഴിൽ ഭദ്രതയും വർദ്ധിപ്പിക്കുന്നതിനായി മൂല്യശ്രേണിയിലെ എല്ലാ തലങ്ങളിലും ഉള്ള പരമ്പരാഗത സംഘടനകളെ അംഗീകരിക്കുകയും അവരുടെ സംഘടനാപാടവം വികസിപ്പിക്കുന്നതിനായി വേണ്ട പ്രോത്സാഹനം നൽകേണ്ടതുമാണ്. ഇതിനായി സഹകരണ സ്ഥാപനങ്ങൾ, തൊഴിൽ സംഘങ്ങൾ, എന്നിവ കൂടാതെ ഉചിതമായ വാണിജ്യ സംവിധാനങ്ങൾ (ഉദാ: ലേലംവിളി) എന്നിവ ചെറുകിട മത്സ്യമേഖലയിൽ സ്ഥാപിക്കുന്നതിനും, വികസിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ നൽകേണ്ടതാണ്.

7.5 എല്ലാ തത്പര കക്ഷികളും മത്സ്യ സംസ്കരണ രംഗത്ത് സംഭവിക്കാവുന്ന നഷ്ടങ്ങളും പാഴാക്കലും ഒഴിവാക്കേണ്ടതും, നിലവിലുള്ള പരമ്പരാഗതവും ചിലവ് കുറഞ്ഞതുമായ

സാങ്കേതിക വിദ്യകൾ, തദ്ദേശീയമായി വികസിപ്പിക്കപ്പെടുന്ന പുതിയ വിദ്യകൾ, സാംസ്കാരിക വൈജാത്യം സൃഷ്ടിക്കാത്ത തരത്തിൽ നിവേശിക്കപ്പെടുന്ന അന്യ സാങ്കേതിക വിദ്യകൾ എന്നിവയെ അടിസ്ഥാനമാക്കി മൂല്യവർദ്ധനവിനായിട്ടുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുമാണ്. ചെറുകിട മത്സ്യ സംസ്കരണത്തിനുപയോഗിക്കുന്ന വെള്ളം, വിറക് തുടങ്ങിയ അവശ്യ ഘടകങ്ങൾ പാഴാകുന്നത് തടഞ്ഞുകൊണ്ട്, പാരിസ്ഥിതികമായി സുസ്ഥിരമായ സംസ്കരണ രീതികളും പ്രയോഗങ്ങളും ഒരു ആവാസ വ്യവസ്ഥാ സമീപനത്തിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

7.6 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യ മേഖലയിൽനിന്നുള്ള മത്സ്യഉത്പന്നങ്ങൾ, പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര കമ്പോളങ്ങളിൽ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും, വിവേചന രഹിതവും തുല്യത ഉറപ്പ് വരുത്തുന്നതുമായ ഒരു വാണിജ്യ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ചെറുകിട മത്സ്യ  ബന്ധനം വഴിയുള്ള ഉൽപ്പന്നങ്ങൾ മേഖലാ കമ്പോളങ്ങളിൽ വിറ്റഴിക്കുന്നത് സഹായിക്കുന്നതിനായി വാണിജ്യ നിയന്ത്രണങ്ങളും, നടപടിക്രമങ്ങളും, ലോക വാണിജ്യ സംഘടനയുടെ കീഴിൽ എടുത്തിട്ടുള്ള കരാറുകൾ ഉചിതമായി പരിഗണിച്ചുകൊണ്ട് നടപ്പിൽ വരുത്തുവാനായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

7.7 ഭരണകൂടങ്ങൾ, മത്സ്യ, മത്സ്യോപ്ന്നങ്ങളുടെ കാര്യത്തിൽ അന്താരാഷ്ട്ര വാണിജ്യത്തിന്റെയും, തദ്ദേശീയ ചെറുകിട മത്സ്യ മേഖല, മത്സ്യത്തൊഴിലാളികൾ, സമുദായം എന്നിവയിൽ മൂല്യശ്രേണീപരമായ ലംബമാന സംയോജനത്തിന്റെയും സ്വാധീനങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കേണ്ടതാണ്. പോഷക സംപുഷ്ടമായ ഒരു ആഹാരമായി മത്സ്യത്തെ പ്രധാനമായും ആശ്രയിക്കുന്നവരുടേയും, മത്സ്യത്തിന് പകരം വെയ്ക്കാൻ പറ്റിയ ഭക്ഷണങ്ങൾ അപ്രാപ്യമായവരുടേയും, ഭക്ഷ്യാവശ്യങ്ങൾക്ക് വിഘാതമാകാത്ത രീതിയിലാണ് മത്സ്യത്തിന്റെ അന്താരാഷ്ട്ര വാണിജ്യവും, കയറ്റുമതിയും, പ്രോത്സാഹിക്കപ്പെടുന്നത് എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

7.8 അന്താരാഷ്ട്ര വാണിജ്യത്തിൽനിന്നുള്ള നേട്ടങ്ങൾ ചെറുകിട മത്സ്യ മേഖലയിലെ മൂല്യശ്രേണിയിൽ നീതിപൂർവ്വകമായി ആണ് വിതരണം ചെയ്യപ്പെടുന്നത് എന്ന് ഇതുമായി ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതുണ്ട്. കമ്പോള സമ്മർദ്ദം വഴി ഉണ്ടായേക്കാവുന്ന അമിത മത്സ്യബന്ധനം മത്സ്യങ്ങളുടെ സുസ്ഥിരത, ഭക്ഷ്യ സുരക്ഷ എന്നിവയെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ വേണ്ട പരിപാലന നടപടികൾ എടുക്കുന്നുവെന്ന് ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. ഉത്തരവാദപരമായ മത്സ്യ സംസ്കരണ രീതികൾ, കയറ്റുമതിയിൽനിന്നുള്ള നേട്ടം, ചെറുകിട മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട മൂല്യശ്രേണിയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നീതിപൂർവ്വകമായി ലഭിക്കുന്നത് ഉറപ്പാക്കുന്ന നയങ്ങൾ, നടപടികൾ എന്നിവ അത്തരം പരിപാലന നടപടികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

7.9 പരിസ്ഥിതി, ചെറുകിടമത്സ്യ ബന്ധന മേഖലയുടെ തനത് സംസ്കൃതി, വരുമാനമാർഗ്ഗം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രത്യേക ആവശ്യങ്ങൾ, എന്നീ ഘടകങ്ങളിൽ അന്താരാഷ്ട്ര വണിജ്യം ഉണ്ടാക്കിയേക്കാവുന്ന പ്രതികൂല സ്വാധീനങ്ങൾ ഉചിതമായ പാരിസ്ഥിതിക, സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾവഴി വിവേചന രഹിതമായി അഭിമുഖീകരിക്കുവാനുള്ള നയങ്ങളും, നടപടിക്രമങ്ങളും ഭരണകൂടങ്ങൾ കൈക്കൊള്ളേണ്ടതാണ്. ബന്ധപ്പെട്ട എല്ലാവരുമായും ആശയസമ്പർക്കം നടത്തുന്നത് ഇത്തരം നയങ്ങളുടേയും, നടപടികളുടേയും ഭാഗമായി ഉറപ്പാക്കണം.

7.10 ചെറുകിട മത്സ്യമേഖലാ മൂല്യശ്രേണിയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും കമ്പോളപരവും, വാണിജ്യപരവുമായ എല്ലാ വിവരങ്ങളും ലഭ്യമാകുന്നത് ഭരണകൂടങ്ങൾ ഉറപ്പാക്കണം. കമ്പോളനിലവാരത്തിലെ വ്യതിയാനങ്ങളുമായി പൊരുത്തപ്പെട്ടുപോകുവാൻ സഹായിക്കുന്ന കാലികവും, കൃത്യവും ആയ കമ്പോള വിവരങ്ങൾ എല്ലാവർക്കും ലഭിക്കേണ്ടതുണ്ട്. അന്താരാഷ്ട്ര വാണിജ്യ അവസരങ്ങൾ മുതലാക്കുന്നതിനും പ്രതികൂല സ്വാധീനങ്ങളുടെ സാദ്ധ്യത പരിമിതപ്പെടുത്തുന്നതിനും ആവശ്യമായ ശാക്തീകരണ

പ്രവർത്തനങ്ങൾ ചെറുകിട മത്സ്യ മേഖല യിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ച് സ്ത്രീകൾ, ദുർബല, പാർശ്വവൽകൃത വിഭാഗങ്ങൾ എന്നി വർക്കും ലഭ്യമാക്കേണ്ടതുണ്ട്.

**8. ലിംഗപദവിയിലെ സമത്വം.**

8.1 ലിംഗപദവിയിലെ സമത്വം കൈവരിക്കുന്നതി നായി സംയോജിതമായ പരിശ്രമങ്ങൾ എല്ലാ വരുടെ ഭാഗത്ത്നിന്നും ഉണ്ടാകണമെന്നും ലിംഗ പദവിയുടെ പൊതുധാരാവൽക്കരണം (Main Streaming) ചെറുകിട മത്സ്യമേഖല യിലെ എല്ലാ വികസന തന്ത്രങ്ങളുടേയും അവിഭാജ്യഘടകമായിരിക്കണമെന്നും, എല്ലാ കക്ഷികളും അംഗീകരിക്കേണ്ടതുണ്ട്. ലിംഗ പദവിയിലെ സമത്വം നേടുന്നതിനായുള്ള തന്ത്രങ്ങൾ, വ്യത്യസ്ഥ സാംസ്കാരിക പശ്ചാ ത്തലങ്ങളിൽ വ്യത്യസ്ഥ സമീപനങ്ങൾ കൈക്കൊള്ളേണ്ടതും, സ്ത്രീകൾക്കെതിരെ യുള്ള വിവേചനങ്ങൾ ചോദ്യം ചെയ്യുന്ന തര ത്തിലുള്ളവ ആകേണ്ടതുമാണ്.

8.2 ഭരണകൂടങ്ങൾ അന്താരാഷ്ട്ര മനുഷ്യാവ കാശ നിയമങ്ങൾക്ക് കീഴിലുള്ള കടമകൾ അനുസരിക്കേണ്ടതും കക്ഷി ചേർന്നിട്ടുള്ള ബന്ധപ്പെട്ട അന്താരാഷ്ട്ര ഉപകരണങ്ങൾ ഉദാ: CEDAW, നടപ്പിലാക്കേണ്ടതും, ബേയ്ജിംഗ് പ്രഖ്യാപനവും, പ്രവർത്തന പദ്ധ തിയും ശ്രദ്ധിക്കേണ്ടതുമാകുന്നു. ചെറുകിട മത്സ്യമേഖലയെ ലക്ഷ്യമാക്കിയിട്ടുള്ള എല്ലാ നയ രൂപീകരണ പ്രക്രിയകളിലും സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ ഭരണകൂടങ്ങൾ പരിശ്രമിക്കേ ണ്ടതാണ്. ഭരണകൂടങ്ങൾ പൗരസമൂഹ സംഘടനകൾക്കായി (പ്രത്യേകിച്ചും മത്സ്യ ത്തൊഴിലാളി സ്ത്രീകൾക്കും, അവരുടെ സംഘടനകൾക്കും വേണ്ടിയുള്ളവ) അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിനെ തിരെ കൃത്യമായ നടപടികൾ കൈക്കൊള്ളേ ണ്ടതാണ്. മത്സ്യമേഖലയിലെ സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കേണ്ടതും, സംഘടനകൾ രൂപീകരിക്കുവാൻ വേണ്ട സഹായങ്ങൾ നൽകേണ്ടതുമാണ്.

8.3 ഭരണകൂടങ്ങൾ, ലിംഗപദവിയിലെ സമത്വം കൈവരിക്കുന്നതിന് വേണ്ട നയരൂപീകരണവും, നിയമ നിർവഹണവും നടത്തേണ്ടതും, ലിംഗ പദവിയിലെ സമത്വം പരിഗണിക്കാത്ത നിയമങ്ങൾ, നയങ്ങൾ, നടപടികൾ എന്നിവ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങൾ കണക്കിലെടുത്തുകൊണ്ട് പരിഷ്കരിക്കേണ്ടതുമാണ്. ലിംഗപദവിയിലെ സമത്വം കൈവരിക്കുന്നതിനായുള്ള നടപടികൾ (ഉദാ:വിജ്ഞാന വ്യാപനത്തിനുള്ള സ്ത്രീപുരുഷ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോഴും മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപനസേവനങ്ങളും പരിശീലനങ്ങളും, നിയമസഹായങ്ങളും സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ ലഭ്യമാക്കപ്പെടുന്നതിനും) കൈക്കൊള്ളുന്നതിന്റെ മുൻനിരയിൽതന്നെ ഭരണകൂടങ്ങൾ ഉണ്ടായിരിക്കണം. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും, ലിംഗപദവിയിലെ സമത്വം നേടുന്നതിനുമായുള്ള നിയമങ്ങൾ, നയങ്ങൾ, നടപടികൾ എന്നിവയുടെ ഫലങ്ങൾ മൂല്യനിർണ്ണയം ചെയ്യുവാനുള്ള ക്രിയാത്മകമായ സംവിധാനങ്ങൾ രൂപീകരിക്കുന്നതിനായി എല്ലാ കക്ഷികളും സഹകരിക്കേണ്ടതാണ്.

8.4 ചെറുകിട മത്സ്യ മേഖലയിലെ സ്ത്രീകളുടെ തൊഴിലിന് അനുയോജ്യമായ സുപ്രധാന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനായി എല്ലാ കക്ഷികളും പ്രോത്സാഹനം നൽകേണ്ടതാണ്.

**9. ദുരന്ത സാധ്യതകളും കാലാവസ്ഥാവ്യതിയാനവും**

9.1 ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിര വിക സനത്തിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥാ വ്യതിയാനം എന്ന പ്രതിഭാസത്തെ നേരിടുന്ന തിന്, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധ പ്പെട്ട് ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ സമീ പന രേഖയിലെ തത്വങ്ങൾക്കും മാർഗ്ഗ നിർദ്ദേ ശങ്ങൾക്കും അനുസൃതമായും, റയോ+20 ഉച്ചകോടി പുറത്തിറക്കിയ "നാം തേടുന്ന ഭാവി" എന്ന നയരേഖ കണക്കിലെടുത്തും ഉള്ള അടിയന്തിരവും ബൃഹത് ലക്ഷ്യവേധിയു

മായ പ്രവർത്തനം ആവശ്യമാണെന്ന കാര്യം ഭരണകൂടങ്ങൾ അംഗീകരിക്കേണ്ടതുണ്ട്.

9.2 പ്രകൃതി ദുരന്തങ്ങളും, മനുഷ്യനിർമ്മിത ദുരന്തങ്ങളും, കാലാവസ്ഥാവ്യതിയാനവും, ചെറുകിട മത്സ്യമേഖലയിൽ വ്യത്യസ്തതരത്തിലുള്ള പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുക എന്ന കാര്യം എല്ലാ കക്ഷികളും കണക്കിലെടുക്കേണ്ടതുണ്ട്. ഭരണകൂടങ്ങൾ, കാലാവസ്ഥാവ്യതിയാനം നേരിടുന്നതിനുള്ള നയങ്ങളും, പദ്ധതികളും പ്രത്യേകിച്ചും, ഉചിതമായ അനുകൂലന തന്ത്രങ്ങൾ, തദ്ദേശ നിവാസികൾ, സ്ത്രീപുരുഷന്മാർ ഉൾപ്പെടെയുള്ള മത്സ്യമേഖലയിലെ സമുദായങ്ങളുമായി, ദുർബല പാർശ്വവൽകൃത വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി,ഫലപ്രദമായ ആശയ സമ്പർക്കം നടത്തിക്കൊണ്ട് മാത്രമേ രൂപീകരിക്കാവൂ. ഭക്ഷ്യസുരക്ഷ, പോഷണം, പാർപ്പിടം, തൊഴിൽ എന്നീ കാര്യങ്ങളിൽ കാലാവസ്ഥാ വ്യതിയാനം സവിശേഷമായ സ്വാധീനം ഉണ്ടാക്കിയേക്കാവുന്ന ചെറുദ്വീപ് നിവാസികളായ ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുടെ കാര്യത്തിൽ പ്രത്യേക സഹായങ്ങൾ നൽകേണ്ടതാണ്.

9.3 ചെറുകിടമത്സ്യമേഖലയിൽ ദുരന്തസാധ്യതകളും, കാലാവസ്ഥാ വ്യതിയാനവും നേരിടുന്നതിന്, അന്തർമേഖലാസഹകരണം ഉൾപ്പെടെയുള്ള സമഗ്രവും, സംയോജിതവുമായ സമീപനങ്ങൾ എടുക്കേണ്ടതിന്റെ പ്രാധാന്യം എല്ലാ കക്ഷികളും അംഗീകരിക്കേണ്ടതാണ്. ഭരണകൂടവും ബന്ധപ്പെട്ട കക്ഷികളും മലിനീകരണം, തീരദേശ മണ്ണൊലിപ്പ്, മത്സ്യമേഖലക്ക് ബാഹ്യമായ മനുഷ്യപ്രേരിതമായ ഘടകങ്ങൾ വഴിയുള്ള തീരദേശ നശീകരണം എന്നിവ നേരിടുന്നതിനായുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മത്സ്യ ബന്ധനത്തിലേർപ്പെട്ട് ജീവിക്കുന്ന സമുദായങ്ങളുടെ ജീവനോപാധികളെയും, കാലാവസ്ഥാവ്യതിയാനവുമായി പൊരുത്തപ്പെടാനുള്ള അവരുടെ കഴിവിനെയും തുരങ്കം വെക്കുന്നവയാണ് ഇത്തരം പ്രശ്നങ്ങൾ.

9.4 കാലാവസ്ഥാവ്യതിയാനമോ, മനുഷ്യനിർമ്മിതമോ അഥവാ പ്രകൃതിജന്യമോ ആയ ദുരന്തങ്ങളോ ബാധിക്കുന്ന മത്സ്യബന്ധന സമുദായങ്ങളെ, ദുരന്ത നിവാരണം, പൊരുത്തപ്പെടൽ, ധനസഹായ പദ്ധതികൾ എന്നിവയുൾപ്പെടെയുള്ള ഉചിതമായ മാർഗ്ഗങ്ങളിലൂടെ സഹായിക്കുന്നത് ഭരണകൂടങ്ങൾ പരിഗണിക്കേണ്ടതാണ്.

9.5 ചെറുകിട മത്സ്യമേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതരത്തിലുള്ള ദുരന്തങ്ങൾ മനുഷ്യനിർമ്മിതമാണെങ്കിൽ അതിനുകാരണക്കാരായവരിൽ അതിന്റെ ഉത്തരവാദിത്തം ചുമത്തേണ്ടതാണ്.

9.6 മത്സ്യഇനം, അളവ്, ഗുണമേൻമ, കേടുകൂടാതെ ഇരിക്കുന്ന സമയം, വില്പന സംവിധാനങ്ങൾ, എന്നിവയിൽ വരുത്തുന്ന മാറ്റങ്ങളുടെ രൂപത്തിൽ, മത്സ്യസംസ്കരണ, വിപണന ഉപമേഖലയിൽ, കാലാവസ്ഥാവ്യതിയാനവും, ദുരന്തങ്ങളും സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ എല്ലാ കക്ഷികളും പരിഗണിക്കേണ്ടതാണ്. പ്രതികൂല പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി എടുക്കുന്ന പൊരുത്തപ്പെടൽ നടപടികൾക്കായി ചെറുകിട മത്സ്യമേഖലയിൽ ഭരണകൂടങ്ങൾ സഹായങ്ങൾ നൽകേണ്ടതാണ്. നൂതന സാങ്കേതിക വിദ്യകൾകൊണ്ടുവരുമ്പോൾ അവ, മത്സ്യഇനങ്ങൾ, കമ്പോളം, ഉൽപന്നങ്ങൾ എന്നിവയിൽ വരുത്താവുന്ന മാറ്റങ്ങളും കാലാവസ്ഥയിൽവരുന്ന വ്യതിയാനങ്ങളും കണക്കിലെടുത്ത് പൊരുത്തപ്പെടലുകൾ അനുവദിക്കുന്നവയായിരിക്കേണ്ടതുണ്ട്.

9.7 ഭരണകൂടങ്ങൾ അടിയന്തിര പ്രതികരണങ്ങൾ എങ്ങിനെയായിരിക്കണമെന്നും ദുരന്തനിവാരണ ജാഗ്രത എന്താണെന്നും മനസ്സിലാക്കേണ്ടതും സഹായ നടപടികളുടെ തുടർച്ചാക്രമം അടിസ്ഥാനമാക്കി നടപ്പിലാക്കേണ്ടതുമാണ്. അടിയന്തിര പ്രതികരണത്തിന്റെ എല്ലാഘട്ടങ്ങളിലും ദീർഘകാല വികസന ലക്ഷ്യങ്ങൾ കണക്കിലെടുക്കേണ്ടതും പുനരധിവാസം, പുനഃനിർമ്മാണം, പുനസ്ഥാപനം എന്നിവയിൽ ഉൾക്കൊള്ളിക്കുകയും വേണം. ദുരന്ത പ്രതികരണത്തിലും, പുനരധിവാസത്തിലും "മുമ്പത്തേക്കാൾ മെച്ചം" എന്ന സമീപനമാണ് കൈക്കൊള്ളേണ്ടത്.

9.8 എല്ലാ കക്ഷികളും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ

ചെറുകിട മത്സ്യ മേഖലയുടെ പങ്കിന് പ്രാധാന്യം നൽകേണ്ടതും മത്സ്യബന്ധനം, മത്സ്യസംസ്കരണം, വിപണനം, വിതരണം, എന്നിവയുൾപ്പെട്ട മൂല്യശ്രേണിയിൽ ഊർജ്ജക്ഷമത വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

9.9 കാലാവസ്ഥാവ്യതിയാനവുമായി പൊരുത്തപ്പെടുവാനുള്ള ധനസഹായങ്ങൾ, സംവിധാനങ്ങൾ, സാംസ്കാരിക തനിമയ്ക്ക് വിഘാതം സൃഷ്ടിക്കാത്ത സാങ്കേതിക വിദ്യകൾ എന്നിവ ചെറുകിട മത്സ്യ മേഖലാ സമുദായങ്ങൾക്ക് സുതാര്യമായ രീതിയിൽ ലഭ്യമാക്കുവാൻ ഭരണകൂടങ്ങൾ ശ്രമിക്കേണ്ടതാണ്.

## ഭാഗം — 3

# അനുഗുണമായ ഒരു അന്തരീക്ഷം ഉറപ്പാക്കലും നടപ്പിൽ വരുത്തൽ സഹായിക്കലും.

### 10. നയങ്ങളിലെ യോജിപ്പ്, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണ സംയോജനങ്ങൾ

10.1 ദേശീയ നിയമ നിർമ്മാണം, അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾ, തദ്ദേശവാസികൾക്കായുള്ളതുൾപ്പെടെയുള്ള മറ്റ് അന്താരാഷ്ട്ര ഉടമ്പടികൾ, സാമ്പത്തിക വികസന നയങ്ങൾ, ഊർജ്ജം, വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം എന്നിവക്കായുള്ള നയങ്ങൾ, പാരിസ്ഥിതിക സംരക്ഷണം, ഭക്ഷ്യപോഷകസുരക്ഷാ നയങ്ങൾ, തൊഴിൽ വേതന വ്യവസ്ഥാ നയങ്ങൾ, വാണിജ്യ നയങ്ങൾ, ദുരന്ത സാധ്യതാ മേൽനോട്ടവും, കാലാവസ്ഥാ വ്യതിയാന പൊരുത്തപ്പെടലും ആയി ബന്ധപ്പെട്ട നയങ്ങൾ, മത്സ്യം പിടിക്കുന്നതുമായി ബന്ധപ്പെട്ട ഏർപ്പാടുകൾ, ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള മറ്റ് മത്സ്യ മേഖലാ നയങ്ങൾ, പദ്ധതികൾ, നടപടികൾ, നിക്ഷേപങ്ങൾ, എന്നിവയെല്ലാം നയപരമായി യോജിപ്പ് പുലർത്തേണ്ടതിന്റെ പ്രാധാന്യം ഭരണകൂടങ്ങൾ മനസ്സിലാക്കുകയും അതിലേക്കായി പ്രവർത്തിക്കുകയും വേണം. ലിംഗപദവിയിലെ സമത്വവും തുല്യതയും ഉറപ്പ് വരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

10.2 ചെറുകിട മത്സ്യബന്ധന മേഖലയുടെ താല്പര്യങ്ങളും, സമഗ്ര സമുദ്രതീരദേശവികസനത്തിൽ അതിനുള്ള പങ്കും കണക്കിലെടുത്തുകൊണ്ട് ഉൾനാടൻ ജലാശയങ്ങളും സമുദ്രതീരവുമായി ബന്ധപ്പെട്ട സ്ഥലകേന്ദ്രീകൃത ആസൂത്രണ സമീപനങ്ങൾ ഉചിതമായ രീതിയിൽ ഭരണകൂടങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. അത്തരം സമീപനങ്ങളെ ആധാരമാക്കി ലിംഗപദവി പരിഗണിക്കുന്ന നയങ്ങളും നിയമങ്ങളും പങ്കാളിത്ത പ്രക്രിയകളിലൂടെ ഉരുത്തിരിച്ചെടുക്കണം. ചെറുകിട മത്സ്യബന്ധന മേഖലയിലെ സമുദായങ്ങളും, പരമ്പരാഗത ടെന്യുർ സമ്പ്രദായങ്ങൾ വെച്ചു പുലർത്തുന്ന മറ്റ് സമുദായങ്ങളും അനുവർത്തിക്കുന്ന ആസൂത്രണ രീതികളും, അധീന ഭൂപ്രദേശവികസനവും, ഔദ്യോഗിക ആസൂത്രണ സംവിധാനങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കേണ്ടതുമാണ്.

10.3 മത്സ്യമേഖല, കൃഷി, മറ്റ് പ്രകൃതിവിഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ ഈ മേഖലകളെ ആശ്രയിക്കുന്നവരുടെ പരസ്പരാശ്രിതമായ ഉപജീവനം ഏകോപിപ്പിച്ച് വികസിപ്പിക്കുന്നതിനും, സമുദ്ര ഉൾനാടൻ ജലാശയങ്ങളുടെയും, ആവാസ വ്യവസ്ഥകളുടെയും ആരോഗ്യത്തെ ബാധിക്കുന്ന വിവിധ നയങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ട പ്രത്യേക നയങ്ങൾ ഭരണകൂടങ്ങൾ കൈക്കൊള്ളേണ്ടതാണ്.

10.4 ചെറുകിട മത്സ്യബന്ധന മേഖലയിലെ സുസ്ഥിരതയ്ക്കും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഒരു ആവാസ വ്യവസ്ഥാ സമീപനത്തിലൂടെ ദീർഘകാല വീക്ഷണം തരുന്ന ഒന്നാണ് മത്സ്യമേഖലാ നയങ്ങളെന്ന് ഭരണകൂടം ഉറപ്പുവരുത്തേണ്ടതാണ്. മത്സ്യമേഖലയിലെ നയങ്ങളുടെ പൊതുവായ ചട്ടക്കൂട്, ദുർബല പാർശ്വവൽകൃത വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ചെറുകിട മത്സ്യമേഖലയുടെ ദീർഘകാല ലക്ഷ്യങ്ങൾക്കും, മനുഷ്യാവകാശങ്ങൾക്കും ഒത്തുപോകുന്നതായിരിക്കേണ്ടതുണ്ട്.

10.5 മത്സ്യമേഖലയിൽ സമഗ്രവും സമ്പൂർണ്ണവുമായ ആവാസവ്യവസ്ഥാടിസ്ഥാനത്തിലുള്ള സമീപനങ്ങൾ നടപ്പിലാക്കുവാനും, നയപരമായ യോജിപ്പും, അന്തർമേഖലാ സഹകരണവും കൈവരിക്കുന്നതിനായി ആവശ്യമായ പ്രാദേശിക, ദേശീയ, അന്തർദേശീയ–ആഗോളബന്ധങ്ങളും, ശൃംഖലകളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും പരസ്പരബ

ന്ധങ്ങളും ഭരണകൂടങ്ങൾ നിർമ്മിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. അതേ സമയം ഉത്തരവാദിത്വങ്ങളിലെ വ്യക്തതയും, സർക്കാരിന്റെ കീഴിലുള്ള അധികാര സ്ഥാപനങ്ങളും, ചെറുകിട മത്സ്യ മേഖലാസമുദായങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളും തമ്മിൽ ബന്ധപ്പെടുത്തുന്നത് ആരെന്ന് കൃത്യമായി നിർവ്വചിക്കപ്പെടേണ്ടതും ആവശ്യമാണ്.

10.6 ചെറുകിട മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട, സഹകരണ സ്ഥാപനങ്ങളും പൗരസമൂഹ സംഘടനകളും ഉൾപ്പെടെയുള്ള വിവിധ സംഘടനകൾ തമ്മിലുള്ള സംയോജനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി അനുഭവങ്ങളും, വിവരങ്ങളും പങ്ക് വെക്കുവാനുള്ള വേദികൾ ഒരുക്കേണ്ടതും, ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾക്ക് പ്രസക്തമായ നയരൂപീകരണ പ്രക്രിയകളിലും, തീരുമാനങ്ങൾ എടുക്കുന്നതിലും പങ്കാളിത്തം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

10.7 ഭരണകൂടങ്ങൾ, ആവാസ വ്യവസ്ഥാടിസ്ഥാനത്തിലുള്ള ഒരു സമീപനവും ദേശീയ നിയമങ്ങളും കണക്കിലെടുക്കുമ്പോൾ, ചെറുകിട മത്സ്യമേഖലയുടെ പരിപാലനത്തിൽ പ്രാദേശിക ഭരണ നിർവ്വഹണ സംവിധാനങ്ങൾക്ക് ഫലപ്രദമായ സംഭാവനകൾ ചെയ്യുവാൻ കഴിയുമെന്ന സംഗതി മനസ്സിലാക്കുകയും, അതിനെ ഉചിതമായ രീതിയിൽ പ്രോത്സാഹിപ്പിക്കുകയും വേണം.

10.8 ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയിൽ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഉയർന്ന രീതിയിലുള്ള അന്താരാഷ്ട്ര മേഖലാ, ഉപമേഖലാ, സഹകരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഭരണകൂടങ്ങളും അന്താരാഷ്ട്ര, മേഖല, ഉപമേഖലാതലത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളും, ചെറുകിട മത്സ്യമേഖലയെപ്പറ്റി പഠിക്കുവാനുള്ള ശാക്തീകരണം പ്രോത്സാഹിപ്പിക്കുവാനും, ഉപമേഖലാ, മേഖലാ, അന്താരാഷ്ട്രതല സഹകരണം ആവശ്യമായ വിഷയങ്ങളിൽ അനുയോജ്യവും ഉഭയസമ്മതപ്രകാരവുമായ സാങ്കേതികവിദ്യാ കൈമാറ്റം ഉൾപ്പെടെ വേണ്ട സഹായങ്ങൾ നൽകേണ്ടതുമാണ്.

## 11. വിവരങ്ങൾ, ഗവേഷണം,ആശയവിനിമയം

11.1 ഭരണകൂടങ്ങൾ, മത്സ്യസഞ്ചയങ്ങൾ ഉൾപ്പെടെ, ആവാസവ്യവസ്ഥകളുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നത് പരിഗണിച്ചുകൊണ്ട് ചെറുകിട മത്സ്യമേഖലയിലെ സുസ്ഥിരപരിപാലനം നിർവ്വഹിക്കുന്നതിനായുള്ള തീരുമാനങ്ങൾ എടുക്കുവാൻ ആവശ്യമായ, പാരിസ്ഥിതികവും, ജൈവ ശാസ്ത്രപരവും, സാമൂഹ്യപരവും, സാമ്പത്തികവും ആയ വിവരങ്ങൾ സുതാര്യമായ രീതിയിൽ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഔദ്യോഗിക വിവരങ്ങൾ ശേഖരിക്കുന്ന പ്രക്രിയകൾ ചെറുകിട മത്സ്യമേഖലയിലെ സാമൂഹ്യ, സാമ്പത്തിക സവിശേഷതകൾ വ്യക്തമാക്കുന്നതരത്തിലും സ്ത്രീപുരുഷ സാന്നിദ്ധ്യം വേർതിരിച്ച് കാണിക്കുന്ന രീതിയിലും നടത്തുവാനുള്ള ശ്രമങ്ങൾ ആവശ്യമാണ്.

11.2 ഫലപ്രദമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ആശയവിനിമയത്തിന്റെയും, വിവരശേഖരണത്തിന്റെയും, പ്രാധാന്യം ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുമായി ബന്ധപ്പെട്ട എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

11.3 ഭരണകൂടങ്ങൾ, തീരുമാനങ്ങൾ എടുക്കുന്നവരിൽ ഉത്തരവാദിത്തം ചുമത്തിക്കൊണ്ട് പ്രത്യേകിച്ചും ആവശ്യമായ സുതാര്യത വർദ്ധിപ്പിക്കുന്നതിലൂടെ അഴിമതി തടയുവാനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതും ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുടെ പങ്കാളിത്തത്തോടെ പക്ഷപാത രഹിതമായ തീരുമാനങ്ങളാണ് കൈക്കൊള്ളുന്നത് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

11.4 ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾ വിജ്ഞാനത്തിന്റെ വാഹകരും, ദാതാക്കളും, സ്വീകർത്താക്കളും ആണെന്ന വസ്തുത എല്ലാ കക്ഷികളും അംഗീകരിക്കേണ്ടതാണ്. നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും, ഉപജീവനമാർഗ്ഗങ്ങളിൽ പുരോഗതി വരുത്തുവാൻ കഴിവ് വർദ്ധിപ്പിക്കുവാനും ചെറുകിട മത്സ്യ മേഖലാ സമുദായങ്ങൾക്കും അവരുടെ സംഘടനകൾക്കും ഉചിതമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതാണ്. സമുദായ

ങ്ങൾ നേരിടുന്ന കാലിക പ്രശ്നങ്ങളെ സംബന്ധിക്കുന്നതും മത്സ്യമേഖലയിലെയും, ഉപജീവനത്തിന്റെയും ജൈവശാസ്ത്രപരവും, നിയമപരവും, സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവും ആയ വിവിധവശങ്ങളെപ്പറ്റിയുള്ളതും ആണ് ഈ വിവരങ്ങൾ.

11.5 ഭരണകൂടങ്ങൾ, നിയമാനുസൃതമല്ലാത്തതും, ഔദ്യോഗികമായി രേഖപ്പെടുത്താത്തതും, അനിയന്ത്രിതവുമായ മീൻപിടുത്തത്തെപ്പറ്റിയുള്ള വിവരങ്ങൾ ഉൾപ്പെടെ ഉത്തരവാദപരവും, സുസ്ഥിരവുമായ മത്സ്യമേഖലാ വികസനം സാധ്യമാക്കുന്നതിന് ആവശ്യമായ എല്ലാ വിവരങ്ങളും പ്രദാനം ചെയ്യേണ്ടതാണ്. ദുർബല പാർശ്വവൽകൃത വിഭാഗങ്ങളുടെ സാഹചര്യത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട്, ദുരന്ത സാദ്ധ്യതകൾ, കാലാവസ്ഥാവ്യതിയാനം, ഉപജീവനം, ഭക്ഷ്യസുരക്ഷ എന്നിവയെപ്പറ്റിയുള്ള വിവരങ്ങളും ഇവിടെ പരാമൃഷ്ടമാണ്. അടിസ്ഥാന വിവരങ്ങളുടെ ലഭ്യത കുറഞ്ഞ സാഹചര്യങ്ങളിൽ അതിന് യോജിച്ച വിവര ശേഖരണ സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതാണ്.

11.6 ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾക്ക് പ്രത്യേകിച്ചും തദ്ദേശ നിവാസികൾ, സ്ത്രീകൾ, ജീവസന്ധാരണത്തിനായി മത്സ്യബന്ധനത്തെ ആശ്രയിക്കുന്നവർ എന്നിവർക്ക് പ്രകൃതിവിഭവങ്ങളെപ്പറ്റിയും, മീൻപിടുത്ത രീതികളെപ്പറ്റിയും ഉള്ള പരമ്പരാഗത വിവരങ്ങൾ ചിട്ടപ്പെടുത്തുവാനും, നിലനിർത്താനും, പങ്കുവെയ്ക്കാനും, മെച്ചപ്പെടുത്തുവാനും, മാത്രമല്ല ജല ആവാസവ്യവസ്ഥകളെപ്പറ്റിയുള്ള വിജ്ഞാനം വർദ്ധിപ്പിക്കുവാനും ആവശ്യമായ സാങ്കേതികവും, ധനപരവുമായ സഹായങ്ങൾ, ഭരണകൂടങ്ങളും ബന്ധപ്പെട്ട മറ്റ് കക്ഷികളും നൽകേണ്ടതാണ്.

11.7 തദ്ദേശവാസികൾ ഉൾപ്പെടെയുള്ള ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുടെ അറിവുകൾ, സംസ്കാരം, ആചാരങ്ങൾ, രീതികൾ എന്നിവ ഉചിതമായ രീതിയിൽ മാനിക്കപ്പെടുന്നുവെന്നും, ഉത്തരവാദപരമായ പ്രാദേശിക ഭരണ നിർവ്വഹണത്തിലും, സുസ്ഥിരവികസന പ്രക്രിയകളിലും അവ വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നു എന്നും എല്ലാ കക്ഷികളും ഉറപ്പാക്കേണ്ടതുണ്ട്. സ്ത്രീകളായ മീൻപിടുത്തക്കാരുടേയും, മത്സ്യത്തൊഴിലാളികളുടെയും കൈവശമുള്ള പ്രത്യേക അറിവുകളെ മാനിക്കുകയും, പ്രോത്സാഹിപ്പിക്കുകയും വേണ്ടതാണ്. ഭരണകൂടങ്ങൾ, ചെറുകിട മത്സ്യമേഖലയിലെ പരമ്പരാഗത നാട്ടറിവുകൾക്കും, സാങ്കേതിക വിദ്യകൾക്കും, സുസ്ഥിര മത്സ്യവികസനം, മത്സ്യസംരക്ഷണം, പരിപാലനം എന്നിവയിൽ ഉള്ള സാധുത പരിശോധിക്കുന്നതിനായി ഗവേഷണപഠനങ്ങൾ നടത്തി രേഖപ്പെടുത്തിവെക്കേണ്ടതാണ്.

11.8 അതിർത്തികൾ പങ്ക്‌വെക്കുന്നതരം ജല വിഭവങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ലഭ്യത, കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി, സാമുദായിക, ദേശീയ, ഉപമേഖലാ, മേഖലാതലങ്ങളിലുള്ള ഉചിതമായ വേദികളും, വിവരശൃംഖലകളും സ്ഥാപിക്കുകയോ, നിലവിലുള്ളവ ഉപയോഗിക്കുകയോ ചെയ്യുന്നത് എല്ലാ കക്ഷികളും പ്രോത്സാഹിപ്പിക്കേണ്ടതാണ്. സാമൂഹ്യവും, സാംസ്ക്കാരികവുമായ വശങ്ങൾ കണക്കിലെടുത്ത് ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുമായുള്ള ആശയവിനിമയത്തിനും, അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി ഉചിതമായ സമീപനങ്ങൾ, സാമഗ്രികൾ, മാധ്യമങ്ങൾ എന്നിവ ഉപയോഗിക്കേണ്ടതാണ്.

11.9 ഭരണകൂടങ്ങളും, ബന്ധപ്പെട്ട കക്ഷികളും, ചെറുകിട മത്സ്യമേഖലാ ഗവേഷണത്തിന് ആവശ്യമായ പണം സാധ്യമായതിന്റെ പരമാവധി ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതും, അടിസ്ഥാനവിവരശേഖരണത്തിലും, അപഗ്രഥനത്തിലും, ഗവേഷണത്തിലും പങ്കാളിത്തപദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഭരണകൂടങ്ങളും ബന്ധപ്പെട്ട മറ്റ് കക്ഷികളും ഇത്തരം ഗവേഷണങ്ങൾവഴി ലഭിക്കുന്ന വിജ്ഞാനം, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ വിനിയോഗിക്കേണ്ടതാണ്. ഗവേഷണങ്ങളിലും, ഗവേഷണഫലങ്ങളുടെ വിനിയോഗത്തിലും ചെറുകിട മത്സ്യമേഖലാ സമുദായങ്ങളുടെ പങ്കാളിത്തം സാധ്യമാക്കുന്നതിനായുള്ള ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഗവേഷണസ്ഥാപനങ്ങൾ സഹായം

നൽകേണ്ടതാണ്. സുസ്ഥിര വിഭവ വിനിയോഗം, ഭക്ഷ്യസുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം, ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകുന്ന വികസനം എന്നിവയിൽ ചെറുകിട മത്സ്യമേഖലയുടെ പങ്ക് ഊന്നിക്കൊണ്ട് ആശയ സമ്പർക്കത്തിലൂടെവേണം ഗവേഷണവിധേയമാക്കേണ്ട വിഷയങ്ങൾക്ക് മുൻഗണനാക്രമം നിർണ്ണയിക്കേണ്ട ത്.

11.10 ഭരണകൂടവും ബന്ധപ്പെട്ട കക്ഷികളും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസികളായ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ, സ്ത്രീകൾക്കും, പുരുഷൻമാർക്കും അർഹമായ നേട്ടങ്ങൾ ഉറപ്പ് വരുത്തുന്ന വികസനതന്ത്രങ്ങൾ രൂപീകരിക്കുന്നതിനായി, അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, തീരുമാനമെടുക്കൽ, ലിംഗപദവീപരമായ ബന്ധങ്ങൾ എന്നീ ഘടകങ്ങൾ അടങ്ങിയ തൊഴിൽ സാഹചര്യങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചെറുകിട മത്സ്യമേഖലയിൽ ലിംഗ പദവി പരിഗണിക്കുന്ന ഇടപെടലുകൾ രൂപീകരിക്കുന്നതിനായുള്ള നയങ്ങൾ, പദ്ധതികൾ, എന്നിവ ആസൂത്രണം ചെയ്യുമ്പോൾ ലിംഗ പദവീ അപഗ്രഥനം ഉപയോഗിച്ചുകൊണ്ട് ലിംഗപദവിയെ പൊതുധാരയിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. ലിംഗപദവിയിലെ അസമത്വങ്ങൾ നിരീക്ഷിക്കുവാനും, നേരിടാനും ഇടപെടലുകൾ എങ്ങിനെയാണ് സാമൂഹ്യമാറ്റങ്ങൾ സൃഷ്ടിച്ചത് എന്ന് അറിയുവാനും, ആവശ്യമായ അനുയോജ്യമായ വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിക്കേണ്ടതാണ്.

11.11 സമുദ്രമത്സ്യോല്പാദനത്തിൽ ചെറുകിട മത്സ്യമേഖലയുടെ പങ്ക് അംഗീകരിച്ചുകൊണ്ട് ഭരണകൂടങ്ങളും, ബന്ധപ്പെട്ടവരും, മത്സ്യം കഴിക്കുന്നതുകൊണ്ട് ലഭിക്കാവുന്ന പോഷകപരമായ ഗുണങ്ങളെപ്പറ്റി അവബോധം വർദ്ധിപ്പിക്കുവാനും, മത്സ്യ–മത്സ്യോല്പന്നങ്ങളുടെ ഗുണമേൻമ നിർണ്ണയിക്കാനുള്ള അറിവ് പകരുവാനും വേണ്ട ഉപഭോക്തൃ വിദ്യാഭ്യാസ പരിപാടികളിലൂടെ മത്സ്യ–മത്സ്യോല്പന്ന ഉപഭോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## 12. ശേഷീ വികസനം

12.1 തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ പങ്കെടുക്കുവാൻ ചെറുകിട മത്സ്യമേഖലാ സമുദായങ്ങൾക്കുള്ള കഴിവിനെ, ഭരണകൂടങ്ങളും ബന്ധപ്പെട്ട കക്ഷികളും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി നിയമാനുസൃതവും, ജനാധിപത്യപരവും പ്രാതിനിധ്യ സ്വഭാവമുള്ളതുമായ സംവിധാനങ്ങളിലൂടെ ചെറുകിട മത്സ്യമേഖലയിലെ മൂല്യശ്രേണിയിലുടനീളമുള്ള വൈവിദ്ധ്യവും, വിന്യാസവും, അനുയോജ്യമായ രീതിയിൽ പ്രതിനിധീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അത്തരം സംവിധാനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം പ്രത്യേക ശ്രദ്ധ നൽകി പരിഗണിക്കേണ്ടതാണ്. തങ്ങൾക്ക്മാത്രം പ്രസക്തമായ പ്രശ്നങ്ങൾ നേരിടുന്നതിനായി സ്ത്രീകൾക്ക് വിവിധതലങ്ങളിൽ സംഘടിക്കുവാൻ അവരെ പ്രാപ്തരാക്കുന്ന പ്രത്യേകം ഇടങ്ങളും സംവിധാനങ്ങളും ആവശ്യത്തിനനുസരിച്ച് ഉചിതമായി നൽകേണ്ടതാണ്.

12.2 ഭരണകൂടങ്ങളും ബന്ധപ്പെട്ട മറ്റുള്ളവരും, ചെറുകിട മത്സ്യമേഖലയെ വിപണന അവസരങ്ങൾ മുതലാക്കുന്നതിന് പ്രാപ്തമാക്കുന്ന വികസന പദ്ധതികൾ ഉൾപ്പെടെയുള്ള ശേഷീനിർമ്മാണ പ്രവർത്തനങ്ങൾ പ്രദാനം ചെയ്യേണ്ടതാണ്.

12.3 ശേഷീ വികസനം എന്നത് നിലവിലുള്ള അറിവുകളെയും, നൈപുണ്യങ്ങളേയും അടിസ്ഥാനമാക്കിവേണം നടത്താനെന്നും അത്, സ്ത്രീപുരുഷന്മാരും, ദുർബല പാർശ്വവൽകൃത വിഭാഗങ്ങളും ഉൾപ്പെടെയുള്ള വ്യക്തികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ അനുയോജ്യവും, അയവുള്ളതും ആയ പഠന സാഹചര്യങ്ങൾ നൽകുന്ന ഒരു ദ്വി–മാർഗ ജ്ഞാന കൈമാറ്റ പ്രക്രിയ ആകേണ്ടതുണ്ടെന്നും എല്ലാ കക്ഷികളും അംഗീകരിക്കണം. കൂടാതെ ശേഷീവികസനത്തിൽ ദുരന്ത സാധ്യതാ മേൽനോട്ടവും, കാലാവസ്ഥാവ്യതിയാനപ്പൊരുത്തപ്പെടലുമായി

ബന്ധപ്പെട്ട് ചെറുകിട മത്സ്യബന്ധന സമുദായങ്ങളുടെ പൊരുത്തപ്പെടൽ ശേഷിയും, പൂർവ്വസ്ഥിതി പ്രാപ്തിയും വർദ്ധിപ്പിക്കുവാനുള്ള കാര്യങ്ങളും ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

12.4 എല്ലാ തലങ്ങളിലുമുള്ള സർക്കാർ അധികാര സ്ഥാപനങ്ങളും മറ്റ് ഏജൻസികളും, ചെറുകിട മത്സ്യമേഖലയിലെ സുസ്ഥിര വികസനത്തിനും വിജയകരമായ സഹപരിപാലന ഏർപ്പാടുകൾക്കും സഹായകമായ അറിവുകളും, നിപുണതകളും, ഉചിതമായ രീതിയിൽ വികസിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഗവേഷണ പ്രവർത്തനം ഉൾപ്പെടെ ചെറുകിട മത്സ്യബന്ധന സമുദായങ്ങളുമായി ബന്ധപ്പെട്ട വികസന പ്രക്രിയകളിലും ഭരണ നിർവ്വഹണത്തിലും നേരിട്ട് ഇടപെടുന്ന, വികേന്ദ്രീകൃതവും പ്രാദേശികവുമായ സംവിധാനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 13. നടപ്പിലാക്കുന്നതിനുള്ള സഹായവും മേൽനോട്ടവും

13.1 എല്ലാ കക്ഷികളും, ദേശീയ മുൻഗണനകളും സാഹചര്യങ്ങളും അനുസരിച്ച് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തണമെന്ന് താല്പര്യപ്പെടുന്നു.

13.2 ഭരണകൂടങ്ങളും എല്ലാ ബന്ധപ്പെട്ട കക്ഷികളും, അന്താരാഷ്ട്ര ധനസഹായങ്ങളും, സാമ്പത്തികവിഭവങ്ങളും, ഫലപ്രദമായും ഉത്തരവാദപരമായും വിനിയോഗിക്കേണ്ടതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഭരണകൂടങ്ങൾ കൈക്കൊള്ളുന്ന, ദക്ഷിണാർദ്ധ ഗോളത്തിലെ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ഉൾപ്പെടെയുള്ള സ്വമേധയാ ശ്രമങ്ങൾക്ക് ആഗോളവികസന പങ്കാളികൾ, ഐക്യരാഷ്ട്രസഭയുടെ പ്രത്യേക ഏജൻസികൾ, മേഖലാ സംഘടനകൾ എന്നിവർ സഹായങ്ങൾ നൽകേണ്ടതാണ്. സാങ്കേതിക സഹകരണം, ധനസഹായം, സ്ഥാപനശേഷിവികസനം, അറിവും, അനുഭവവും പങ്കിടൽ, ചെറുകിട മത്സ്യമേഖലയുടെ നയങ്ങൾ രൂപീകരിക്കുന്നതിനും, സാങ്കേതിക വിദ്യാ കൈമാറ്റത്തിനും നൽകുന്ന സഹായങ്ങൾ എന്നിവ ഇവയിലുൾപ്പെടുന്നു.

13.3 ഭരണകൂടങ്ങളും ബന്ധപ്പെട്ട കക്ഷികളും ഈ മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതും, ചെറുകിട മത്സ്യമേഖലയിൽ

## പദാവലി

| | | |
|---|---|---|
| ആവാസ വ്യവസ്ഥാധിഷ്ഠിത സമീപനം | - | Ecosystem Based Approach |
| തൽപരകക്ഷി | - | Stakeholder |
| ഭരണനിർവ്വഹണം | - | Governance |
| മൂല്യശ്രേണി | - | Value Chain |
| സമുദായം | - | Community |
| സഹപരിപാലനം | - | Co-Management |
| സ്ഥലകേന്ദ്രീകൃത ആസൂത്രണം | - | Spatial Planning |

മൊഴിമാറ്റവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അയച്ചുതരുവാൻ താൽപര്യപ്പെടുന്നു.


വിലാസം

**ഡയറക്ടർ**

**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

**കൊച്ചി – 18**



ഭക്ഷ്യസുരക്ഷയുടെയും

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ

**സുസ്ഥിരമായ**

**ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി**

**സ്വമേധയാ നടപ്പിലാക്കേണ്ട**

**മാർഗ്ഗനിർദ്ദേശങ്ങൾ**



**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

**കൊച്ചി – 18**